II അടിയന്തരപ്രമേയം

കർഷകസമരം അടിച്ചമർത്താനുള്ള നീക്കം

മി.സ്പീക്കർ: തളിപ്പറമ്പിനടുത്ത് കീഴാറ്റൂർ ദേശത്ത് കൃഷിഭൂമി നികത്തി കുപ്പം-കുറ്റിക്കോൽ ബൈപ്പാസ് നിർമ്മിക്കുന്നതിനെതിരെ 'വയൽക്കിളികൾ' എന്ന പേരിൽ ജനകീയ കൂട്ടായ്മ നടത്തുന്ന സമരത്തെ അടിച്ചമർത്താൻ സർക്കാർ നടത്തിയ നീക്കത്തെ തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. ഡി. സതീശൻ, എം. ഉമ്മർ, അനൂപ് ജേക്കബ്ബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ വിഷയത്തെ കേന്ദ്രീകരിച്ചുകൊണ്ട് തളിപ്പറമ്പ് എം.എൽ.എ. ശ്രീ. ജയിംസ് മാത്യുവിന്റെ ഒരു സബ്മിഷനും ഇന്ന് ലിസ്റ്റ് ചെയ്തിട്ടുണ്ട്. അടിയന്തരപ്രമേയം അനുമതി തേടി സംസാരിച്ചതിനുശേഷം അങ്ങേക്ക് സംസാരിക്കാവുന്നതാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി(ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ചിരിക്കുന്ന ഈ അടിയന്തരപ്രമേയം

വികസനപരമായോ, കാർഷികപരമായോ, ധാർമ്മികമായോ യാതൊരു അടിയന്തര സ്വഭാവവും ഇല്ലാത്തതിനാൽ ഇത് സഭ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്ന് ആമുഖമായിത്തന്നെ ഞാൻ സഭയെ അറിയിച്ചു കൊള്ളുന്നു. അദ്ദേഹം തന്നിരിക്കുന്ന നോട്ടീസിൽ, അദ്ദേഹംതന്നെ വിശദീകരണ കുറിപ്പിൽ പറയുന്നുണ്ട്, മാർച്ച് 14 ന് സർവ്വേ നടത്താനെത്തിയ ഉദ്യോഗസ്ഥ സംഘത്തെ തടയുകയും, അവർ മണ്ണെണ്ണയും പെട്രോളുമൊഴിച്ച് ആത്മഹത്യചെയ്യുമെന്ന് ഭീഷണിമുഴക്കുകയും ചെയ്ത സാഹചര്യമുണ്ടായി. സ്വഭാവികമായും പോലീസ് അവരെ അറസ്റ്റ് ചെയ്തു. ലാത്തിചാർജ്ജോ, മർദ്ദനമോ ഉണ്ടായിട്ടില്ല. അങ്ങയുടെ ഈ നോട്ടീസ് ഒരു ഭാഗത്ത്, അങ്ങ് പ്രതിപക്ഷമെന്ന നിലയിൽ ഈ പ്രശ്നം ഉന്നയിക്കുന്നു. അതിൽത്തന്നെ അങ്ങ് ചില വസ്തുതകളും പറയുകയാണ്, തീർച്ചയായും വികസനം മുന്നോട്ട് കൊണ്ടുപോകണം, നാഷണൽ ഹൈവേ മുന്നോട്ട് കൊണ്ടുപോകണം. യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ് നാഷണൽ ഹൈവേയുടെ കാര്യം, അന്ന് ഇവിടെ യു.ഡി.എഫ്. ഗവൺമെന്റാണ്, ഇതിന്റെ അലൈൻമെന്റ് തയ്യാറാക്കിയത് നിങ്ങളാണ്. ചെറിയ വ്യത്യാസങ്ങളേ വന്നിട്ടുള്ളൂ, ആ ഉത്തരവാദിത്വം നിങ്ങൾക്ക് ഇപ്പോഴും ഓർമ്മയിലുണ്ടാകും. ഞങ്ങൾ അതിനോട് സഹകരിക്കുകയാണ് ചെയ്തത്. ഇന്ന് നടപ്പിലാക്കാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്, ജനകീയമായിട്ടാണ്

നടപ്പിലാക്കുന്നത്. ആ അവസരത്തിൽ ഇങ്ങനെ നിയമവിരുദ്ധമായി ഏതാനും പേർ സംഘം ചേർന്ന്, ആ പ്രദേശത്തിന് വെളിയിലുള്ളവർ, ഒരു കാലത്തും നെൽവയലിന്റെ പാടത്തുപോലും പോകാത്ത ആളുകൾ, അടൂരിൽ നിന്നു വരെ സമരം ചെയ്യാൻ ആളുകൾ പോയിട്ടുണ്ട്. നമ്മുടെ സുഹൃത്തുക്കളാണ്, അത് ഞാൻ വിശദീകരണത്തിൽ പിന്നെ പറയാം ബഹുമാനപ്പെട്ട അങ്ങയുടെ ചർച്ച കേട്ടശേഷം. നമ്മളൊക്കെ പാടത്തിന്റെ വരമ്പത്ത് ജനിച്ചവരാണ്, അതിന്റെ അരുകിൽ. എങ്ങനെയാണ് കൃഷി ചെയ്യേണ്ടത്, എങ്ങനെയാണ് കട്ട ഉടയ്ക്കേണ്ടത്, എങ്ങനെയാണ് ഞാറു നടേണ്ടത്, ഇതെല്ലാം അറിയാം. നമ്മൾ എം.എൽ.എ. -മാരായിട്ടോ, മന്ത്രിമാരായിട്ടോ, പ്രവർത്തകരായി ഇരിക്കുന്നുവെന്ന് മാത്രം. ഇതൊന്നും അറിയാതെ ജീവിതം മുഴുവൻ ഒരുതുള്ളി വെയർപ്പൊഴുക്കാതെ നടക്കുന്ന ചില ആളുകൾ നാടിന്റെ നാനാ ഭാഗത്തുനിന്നും അവിടെ എത്തിയിട്ട്, അവിടെയുള്ള കുറച്ച് പാവപ്പെട്ട ആൾക്കാരെ തെറ്റിദ്ധരിപ്പിച്ച് ഉണ്ടാക്കുന്ന പ്രശ്നമല്ലാതെ, തികച്ചും ക്രിമിനലായ, നിയമവിരുദ്ധമായ ആത്മഹത്യാ ഭീഷണി മുഴക്കുന്ന ഇവർക്കുവേണ്ടി ഒരു ചെറിയ ശബ്ദം പോലും നമ്മൾ ഉയർത്തിയാൽ നമ്മുടെ സങ്കൽപ്പങ്ങൾ തകരും. നമ്മൾ ആർക്കും എതിരല്ല, പിന്നെ സി.പി.ഐ.(എം) നെപ്പറ്റി പറയുന്നു, അത് ഞാൻ ഈ അവസരത്തിൽ ഒന്നും പറയുന്നില്ല. അങ്ങ് വളരെ അറിവുള്ള ഒരാളാണ്,

ധാരാളം വായിക്കുകയും ചെയ്യും. അതൊക്കെ സംസാരത്തിൽ നിന്ന് അറിയാം. ഞാൻ പറയുകയാണ്, സീതയാകുന്ന ഈ വികസനത്തെ കാത്തു സൂക്ഷിക്കേണ്ട അങ്ങും ഞാനും ഈ സഭയും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം മുഴുവൻ ജനങ്ങളും ഒരു മാരീചനെക്കണ്ട്, വികസന വിരുദ്ധമായ ഒരു മാരീചവേഷം പൂണ്ടുവന്ന ഒരു മാരീചനെക്കണ്ട്, അങ്ങേക്ക് മോഹമുണ്ടാവരുത്, സീതയെ വല്ലവരും തട്ടിക്കൊണ്ടുപോകും, വികസനം നടക്കില്ല, അതിന്റെ ഏറ്റവും വലിയ ദുഷ്പ്പേര് യു.ഡി. എഫ്. നായിരിക്കും. അതുകൊണ്ട് വേറൊരു തലത്തിൽ ഈ ചർച്ച അവസാനിപ്പിക്കണമെന്ന് ഞാൻ പറയുകയാണ്. സഭ നിർത്തിവയ്ക്കേണ്ട കാര്യമില്ല, ബൈബിളിൽ ഒരു വാചകമുണ്ട് 'Devils enter where Angels fear to Tread' മാലാഖമാർ കടക്കാൻ മടിക്കുന്നിടത്ത് ചെകുത്താൻമാർ കയറും, ആ ചെകുത്താൻമാരാണ് അവിടെ ഇപ്പോൾ ബഹളമുണ്ടാക്കുന്നത്. അവർ വയൽക്കിളികളാണോ, അതോ വയൽക്കഴുകൻമാരാണോ? 'Vultures hovering over the paddy land' അത് തെളിയിക്കപ്പെടാൻ ഇരിക്കുന്നതേയുള്ളൂ. അത് അവിടെയുള്ള, കേരളത്തിലുള്ള ചിലരുടെ മാത്രം ദുഷ്ടതാൽപ്പര്യമാണോ, അതോ നാഷണൽ ലെവലിലാണോ, അതിനു വെളിയിലാണോ എന്നതൊക്കെയുള്ളത് വെളിപ്പെടാനിരിക്കുന്നതേയുള്ളൂ. ഒരുപാട് ദുരൂഹതകൾ ഉണ്ടെന്ന് ഗവൺമെന്റ്

കരുതുന്നു. ആമുഖമായി എനിക്കു പറയാനുള്ളത് ദയവായി അങ്ങ്, ഇതിനെപ്പറ്റി അങ്ങയുടെ പ്രശ്നം ഉന്നയിച്ചുകൊണ്ട് അടിയന്തരപ്രമേയം പ്രസ് ചെയ്യാതെ അത് പിൻവലിച്ച് അങ്ങ് ചെറിയ പ്രസംഗം നടത്തി വിശാലമായ ചർച്ചയിലേക്ക്, പരിശോധനയിലേക്ക് നീങ്ങണമെന്നാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ആമുഖമായി ഞാൻ പറയട്ടെ, ഈ നോട്ടീസ് വികസനത്തിനെതിരായ ഒരു നോട്ടീസല്ല, പക്ഷെ ദൗർഭാഗ്യവശാൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ സീതയെ കവർന്നെടുക്കാൻ വന്ന മാരീചനെയല്ല ഞാൻ കണ്ടത്, അധികാരത്തിന്റെ പുഷ്പക വിമാനത്തിലേറി സീതാപഹരണം നടത്താൻ വന്ന പത്തുതലയുള്ള രാവണനെയാണ് എനിക്ക് കാണാൻ കഴിഞ്ഞത്. തളിപ്പറമ്പിനടുത്ത് കീഴാറ്റൂർ ദേശത്ത് കുപ്പം-കുറ്റിക്കോൽ ബൈപ്പാസ് നിർമ്മാണത്തിനായി 4.5 കിലോമീറ്റർ ദൂരം നെൽവയൽ ഏറ്റെടുക്കുന്നതിനെതിരായി 'വയൽക്കിളികൾ' സമരം ആരംഭിച്ചിട്ട് നിരവധി മാസങ്ങളായി. അവിടെ നൂറ് ശതമാനം നെൽകൃഷിയുള്ള പ്രദേശമാണ്. ചിലർ രണ്ടുവിളയും, ചിലർ ഒരു വിളയുമെടുക്കുന്നു. ഒരു തോടിലൂടെ തളിപ്പറമ്പ് പട്ടണത്തിലെ മാലിന്യങ്ങൾ പോകുന്നതുകൊണ്ടാണ് മൂന്ന് വിള അവിടെയെടുക്കാതിരുന്നത്. ഇതുവരെ മൂന്ന് വിളയും അവിടെ പൂർണ്ണമായും കൃഷി ചെയ്തിരുന്നു. 23-7-2016 -ന് ബഹുമാനപ്പെട്ട

മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും, എം.എൽ.എ.-മാരും പങ്കെടുത്ത അലൈൻമെന്റ് സംബന്ധിച്ച യോഗം നടന്നിരുന്നു. അന്ന് സംസാരിച്ച അലൈൻമെന്റ്, ഈ വയലിലൂടെയുള്ള അലൈൻമെന്റല്ല. 8-ാം മാസത്തിൽ ഈ അലൈൻമെന്റ് മാറ്റി. പിന്നീടുള്ള മൂന്ന് മാസക്കാലം 8 പ്രാവശ്യം, സർവ്വേ നടത്താൻ ഉദ്യോഗസ്ഥൻമാർ അവിടെയെത്തിയപ്പോൾ ജനങ്ങൾ തടഞ്ഞു. അതൊരു സി.പി.ഐ. (എം) പാർട്ടി ഗ്രാമമാണ്. ഈ 8 പ്രാവശ്യവും സർവ്വേ സംഘത്തെ തടയാൻ നേതൃത്വം കൊടുത്തത് സി.പി.ഐ. (എം) ന്റെ ലോക്കൽ നേതാക്കന്മാരും, പാർട്ടിക്കാരും ഉൾപ്പെടെയുള്ള ജനങ്ങളാണ്. അതിനുശേഷം അവർ ഹൈക്കോടതിയിൽ പോയി, ഹൈക്കോടതി പറഞ്ഞു, നോട്ടിഫിക്കേഷൻ ഇറക്കാതെ നിങ്ങൾ സർവ്വേ നടത്തുന്നത് ശരിയല്ല, അസാധുവാക്കി. നോട്ടിഫിക്കേഷൻ ഇല്ലാതെ സർവ്വേ നടത്താൻ പാടില്ലെന്ന് ഹൈക്കോടതി നിർദ്ദേശം നൽകി. എൻ. എച്ച്. ഇതിനെ സംബന്ധിച്ച് യാതൊന്നും അറിയില്ലെന്നു ഹൈക്കോടതിയിൽ പറഞ്ഞു. എൻ.എച്ച്. അറിയാതെ ആരാണ് സർവ്വേ നടത്താൻ അവിടെപ്പോയത്? അതിനുശേഷം നോട്ടിഫിക്കേഷൻ ഇറക്കി, ആ 3 എ നോട്ടിഫിക്കേഷൻ ഇറക്കുന്നതിനു മുൻപ് 'The Right to Fair Compensation Act-2013' അനുസരിച്ച്, ആ ആക്ടിലെ 4, 5, 6, 7, 8 വകുപ്പുകൾ തീരെ

തിരസ്കരിച്ചുകൊണ്ടാണ് ഈ നോട്ടിഫിക്കേഷൻ ഇറക്കിയിരിക്കുന്നത്. ആ വകുപ്പുകൾ അനുസരിച്ച് സോഷ്യൽ ഇംപാക്ട് സ്റ്റഡി വേണം, പബ്ലിക് ഹിയറിംഗ് വേണം, ഗ്രാമസഭകൾതോറും ചർച്ച ചെയ്യണം, Mitigation plan തയ്യാറാക്കണം, എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി വേണം, ഈ നടപടിക്രമങ്ങൾ ഒന്നും നടത്താതെ ഇത് ഷെഡ്യൂളിൽ ഉള്ള ആക്ടാണ്, എൻ. എച്ച്. നിയമത്തിന്റെ ഷെഡ്യൂളിൽ ഉള്ള കാര്യമാണ്. അതൊന്നും പരിഗണിക്കാതെ, നടപടക്രമങ്ങളൊന്നും പാലിക്കാതെ 3 എ നോട്ടിഫിക്കേഷൻ ഇറക്കി അതുമായി മുന്നോട്ടുപോയി. സമരം വീണ്ടും ആരംഭിച്ചു, ഇതിനിടയിൽ സി.പി.ഐ. (എം) നേതാക്കൻമാർ ആ സമരത്തിൽ നിന്നു പിൻമാറി. ഈ സമരത്തിൽ ആ വയലേലകൾക്കു മീതെ പറന്നു നടക്കുന്ന കഴുകൻമാരല്ല സമരം നടത്തിയത്, സമരം നടത്തിയെന്നതിന്റെ പേരിൽ അവിടെ നിന്നും പുറത്താക്കപ്പെട്ട 11 പാർട്ടി പ്രവർത്തകർ, 3 ബ്രാഞ്ചു കമ്മിറ്റികളിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ കാർഡ് ഹോൾഡേഴ്സായ അംഗങ്ങളായിരുന്നു, അവർ കഴുകൻമാരായിരുന്നില്ല. അവരെ പാർട്ടിയിൽ നിന്നും പുറത്താക്കി. അവിടെ 19 ദിവസത്തെ നിരാഹാര സമരം നടന്നു, 11 ദിവസം അവിടെ സമരം നടത്തിയത്, സമരനേതാവായ സുരേഷാണ്. 4 ദിവസക്കാലം അവിടെ സമരം നടത്തിയത് 73 വയസ്സുകാരിയായ, കമ്യൂണിസ്റ്റുകാരിയായ നമ്പ്രാടത്ത് ജാനകി ആണ്. ഇന്ന് പഴയ

കമ്യൂണിസ്റ്റുകാരിയായ നമ്പ്രാടത്ത് ജാനകിയാണ് ആ കീഴാറ്റൂർ സമരത്തിന്റെ നായികയായി മാറിയിരിക്കുന്നത്. സെപ്റ്റംബർ 29-ാം തീയതി ബഹുമാനപ്പെട്ട പി.ഡബ്ല്യൂ.ഡി. മിനിസ്റ്റർ അവിടെ യോഗം വിളിച്ചു. അവർ സമരം നിർത്തി, അങ്ങ് കുറേ നല്ല വാക്കുകൾ അവരോട് പറഞ്ഞു, മണ്ണിന്റെ വിലയെക്കുറിച്ചും, ഇപ്പോൾ അങ്ങ് സൂചിപ്പിച്ചതുപോലെ കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചുമെല്ലാം അവരെ ബോധ്യപ്പെടുത്തി. ഈ അലൈൻമെന്റ് മാറ്റുന്ന കാര്യം ആലോചിക്കാമെന്നു പറഞ്ഞു. ഒരു വിദഗ്ദ്ധസംഘത്തെ അങ്ങോട്ടയച്ചു. അവിടെയൊരു വിദഗ്ദ്ധസംഘം എത്തിയെങ്കിലും, കളക്ടറേറ്റിൽ നടന്ന യോഗം വെറും പ്രഹസനമായി മാറിയപ്പോൾ സമരസമിതി നേതാക്കൻമാർ അവിടെനിന്നും ഇറങ്ങിപ്പോകുകയാണുണ്ടായത്. അതിനുശേഷം മാർച്ച് 14-ാം തീയതി, യാതൊരു മുന്നറിയിപ്പുമില്ലാതെ വൻ പോലീസ് സേനയുടെ അകമ്പടിയോടുകൂടി സർവ്വേ നടത്താൻ വന്ന സംഘങ്ങളെ ജനങ്ങൾ തടഞ്ഞു. മൂന്നൂറോളം വരുന്ന പോലീസ് സേന, ഫയർ ഫോഴ്സ്, ആംബുലൻസ് സഹിതം സമീപ പ്രദേശങ്ങളിൽ നിന്നും എത്തിയ നൂറുകണക്കിന് സി.പി.ഐ. (എം) പ്രവർത്തകരുടെ അകമ്പടിയോടെ വന്നപ്പോൾ നിരായുധരായി ഗാന്ധിയൻ രീതിയിൽ സമരം നടത്തുന്ന കർഷകരിൽ കുറേപ്പേർ മണ്ണെണ്ണയും പെട്രോളും ദേഹത്തൊഴിച്ച് കൈയിൽ സിഗരറ്റ് ലാമ്പുമായി രാവിലെ എട്ടര

മണിമുതൽ ഉച്ചയ്ക്ക് രണ്ടര മണിവരെ ആ കൊടും ചൂടിൽ അവരുടെ വയലിന് കാവൽ നിന്നു. ശരിയാണ്, പോലീസ് അവരെ അറസ്റ്റു ചെയ്തു മാറ്റി. ഒന്നര മാസമായി നടക്കുന്ന വയൽകാവൽ സമരക്കാരുടെ സമരപ്പന്തൽ പോലീസ് നോക്കി നിൽക്കെ സി.പി.ഐ.(എം) നേതാക്കന്മാരുടെ നേതൃത്വത്തിൽ അത് കത്തിച്ചു. സമരപന്തൽ കത്തിച്ച സി.പി.ഐ.(എം) നേതാക്കന്മാരുടെ വിഷ്വൽസ് കേരളം മുഴുവൻ കണ്ടതാണ്. മാധ്യമ പ്രവർത്തകരെയും ചാനലുകാരെയും സി.പി.ഐ.(എം) പ്രവർത്തകർ ഭീഷണിപ്പെടുത്തി. പോലീസിന്റെ ജോലിയെന്താണ്; കത്തിക്കുന്നതിന് കൂട്ടു നിൽക്കുന്നതാണോ ജോലി? ആരുവേണമെങ്കിലും സമരം ചെയ്യട്ടെ, എല്ലാവർക്കും സമരം ചെയ്യാൻ സ്വാതന്ത്ര്യമുള്ള നാടാണ് നമ്മുടെ കേരളം. സമരക്കാരുടെ സമരപ്പന്തൽ കത്തിക്കാൻ സി.പി.ഐ.(എം) കാർക്ക് ആരാണ് ലൈസൻസ് കൊടുത്തത്? രണ്ടു വിള കൃഷി ചെയ്യുന്ന ആ നെൽവയൽ ചതുപ്പാണ്, വലിയ നീരുറവയാണ്, എല്ലാ ഭാഗത്തുനിന്നും വെള്ളമിറങ്ങുന്ന നീർച്ചാലാണ്. 4.5 കി. മീ. ദൂരത്തിൽ ചെളിയെടുത്ത് മാറ്റണം, അത് നികത്തണമെങ്കിൽ ലക്ഷക്കണക്കിന് ലോഡ് മണ്ണുവേണം. ഇപ്പോൾത്തന്നെ പരിയാരത്തേക്കുള്ള വഴിയിലെ കുന്നുകൾ റിയൽ എസ്റ്റേറ്റുകാർ വാങ്ങിച്ചുകൂട്ടിയിരിക്കുകയാണ്, ബഹുമാനപ്പെട്ട മന്ത്രി ഇത് അന്വേഷിക്കണം. കാരണം ഈ വയൽ

നികത്തണമെങ്കിൽ ലക്ഷക്കണക്കിന് ലോഡ് മണ്ണ് ആവശ്യമാണ്. സ്ഥലവും ഫ്രീയാകും, കോടിക്കണക്കിന് രൂപയുടെ മണ്ണും ലഭിക്കും. ബഹളം....ബഹളം...

മി. സ്പീക്കർ: പ്ലീസ്...ഇരിക്കൂ... ഇരിക്കൂ..ശ്രീ. ഷംസീർ ഇതൊന്നും ശരിയല്ല.. മന്ത്രി മറുപടി പറയും...ബഹളം... മറുപടി പറയാനുള്ള സാമർത്ഥ്യമൊക്കെ മന്ത്രിക്കുണ്ട്. നിങ്ങൾ സഹായിക്കേണ്ടതില്ല... ചർച്ചയിൽ പ്രസംഗിച്ചാൽ മതി.. ഇരിക്കൂ...

ശ്രീ. വി. ഡി. സതീശൻ: സർ, ഇങ്ങനെയാണ് അവർ സമരം നടത്തുന്നത്....... ബഹളം.... ബഹളം...

മി. സ്പീക്കർ: ശ്രീ. രാജേഷ് നിങ്ങൾ ഇരിക്കൂ... പ്ലീസ് ഇരിക്കൂ... പ്ലീസ്..

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട ജെയിംസ് മാത്യു അവിടുത്തെ എം.എൽ.എ.-യാണ്, ഇതിനുശേഷം സംസാരിക്കാൻ അങ്ങ് അവസരം കൊടുത്തിട്ടുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയും സംസാരിക്കും, ഞാനിവരെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല. വയൽക്കിളികളുടെ സമരത്തെപ്പറ്റി ഒന്ന് പറയാൻ പോലും പാടില്ല, അതെക്കുറിച്ച് സംസാരിക്കുന്നത് ഗുരുതരമായ തെറ്റാണെന്നാണ് ഇവർ പറയുന്നത്! കഴിഞ്ഞ ദിവസം കാസർഗോഡ് എത്തിയ സംസ്ഥാന കൃഷിവകുപ്പ് മന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ പ്രസ്താവന അങ്ങ് കാണണം. അങ്ങയുടെ

തൊട്ടടുത്തിരിക്കുകയാണ്. " വയൽക്കിളികളോടൊപ്പമാണ് താനെന്ന് മന്ത്രി വി. എസ്. സുനിൽ കുമാർ ", കീഴാറ്റൂരിലെ നെൽവയൽ സംരക്ഷിക്കുമെന്നും സംസ്ഥാനത്തിന് അഭിമാനമായ വയൽക്കിളികളെ എന്തുകൊണ്ടാണ് വയലിൽ നിന്നും അടിച്ചോടിച്ചതെന്ന് അറിയില്ലെന്നും കൃഷി വകുപ്പുമന്ത്രി പറഞ്ഞു. 'കൃഷിവകുപ്പിൽ ഇതുമായി ബന്ധപ്പെട്ട ഫയൽ എത്തിയിട്ടില്ല, എത്തിയാൽ അവരെ സംരക്ഷിക്കുന്ന നടപടിയായിരിക്കും കൃഷി വകുപ്പ് സ്വീകരിക്കുകയെന്ന് മന്ത്രി'. സി.പി.ഐ.(എം) പല കാര്യങ്ങളിലും ആശ്രയിക്കുന്ന, നിങ്ങളിൽ പല ചെറുപ്പക്കാരും പല പ്രാവശ്യം പാടി നടന്നിട്ടുള്ള മുദ്രാവാക്യങ്ങൾ കേരളത്തിലുയർത്തിയിട്ടുള്ള, പാരിസ്ഥിതിക പ്രശ്നങ്ങൾ എപ്പോഴും ഉയർത്തിക്കാണിക്കുന്ന ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ കണ്ണൂർ ജില്ലാ കമ്മിറ്റി, നിങ്ങളുടെ ധാരാളം പാർട്ടി പ്രവർത്തകരും നേതാക്കന്മാരും ഉൾപ്പെടുന്ന ആ സംഘടന, തളിപ്പറമ്പ് ബൈപ്പാസിന് ബദലുകൾ പരിഗണിക്കണം, ഈ വികസന പ്രവർത്തനം അവിടെ നടത്തരുത് എന്നാവശ്യപ്പെട്ടിരിക്കുന്നു. ഞങ്ങൾ മാത്രമാണോ ഇതെല്ലാം പറഞ്ഞിരിക്കുന്നത്? ഞാൻ വീണ്ടും ആവർത്തിക്കുന്നു, ഞങ്ങൾ വികസനത്തിന് എതിരല്ല. ഒരു പാർട്ടി ഗ്രാമത്തിൽ പാർട്ടിക്കുവേണ്ടി ജീവത്യാഗം ചെയ്യാൻ നടക്കുന്ന കമ്മ്യൂണിസ്റ്റുകളെപ്പോലും ബോധ്യപ്പെടുത്താൻ കഴിയാത്ത എന്തു

വികസനത്തെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്. നിങ്ങളുടെ പാർട്ടിക്കാരല്ലാതെ മറ്റൊരു പാർട്ടിക്കാരും അവിടെയില്ല. വേറെ സ്ഥലത്തുനിന്നും പാർട്ടിക്കാർ വരണമെങ്കിൽ അവിടെയുള്ളവരെ ബോധ്യപ്പെടുത്താൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? കയ്യൂരിലും, കരിവെള്ളൂരിലും, കാവുമ്പായിയിലും നടന്ന കർഷക സമരങ്ങളെക്കുറിച്ച് വായിച്ച്, ചരിത്ര വിദ്യാർത്ഥികളായ ഞങ്ങൾ കമ്മ്യൂണിസ്റ്റുകളെക്കുറിച്ച് ആവേശം കൊണ്ടിട്ടുണ്ട്. പക്ഷേ ഇന്ന് നിങ്ങൾ മറുഭാഗത്താണ് നിൽക്കുന്നത്. അന്ന് കർഷകർ സമരം നടത്തിയപ്പോൾ മറുഭാഗത്തുണ്ടായിരുന്ന മർദ്ദക വീരന്മാരായ പോലീസിന്റെയും പട്ടാളത്തിന്റെയും കൂടെയാണ് ഇന്ന് നിങ്ങൾ നിൽക്കുന്നതെന്നുള്ള സാമൂഹ്യമാറ്റം കേരളത്തിൽ ഉണ്ടായിരിക്കുന്നു. 73 വയസ്സുകാരിയും വയോധികയുമായ ഈ സമരത്തിലെ നായികയായ നമ്പ്രാടത്ത് ജാനകിയെന്ന കമ്മ്യൂണിസ്റ്റുകാരിയെ കൊല്ലുമെന്നും വീട് കത്തിക്കുമെന്നും ഭീഷണിപ്പെടുത്തിയ നിങ്ങളുടെ പതനം എത്ര ഭയാനകമാണെന്ന് ഞാൻ ആലോചിക്കുകയാണ്. നന്ദിഗ്രാമത്തിൽ സമരം ചെയ്ത കർഷകരെ ടാറ്റയ്ക്ക് വേണ്ടി വെടിവച്ച് കൊന്നും കുഴിച്ചു മൂടിയും അവരുടെ സ്ത്രീകളെ അപമാനിച്ചും നിങ്ങൾ നടത്തിയ അധികാരത്തിന്റെ അഴിഞ്ഞാട്ടം കേരളത്തിൽ നടക്കില്ല എന്നോർമ്മിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഞാൻ അവസാനിപ്പിക്കുകയാണ്, എന്റെ സമയം അവർ കൊണ്ടു പോയതാണ്, എങ്കിലും

ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഇരു കൈകളും കൂപ്പി ഞാനപേക്ഷിക്കുന്നു, ദയവ് ചെയ്ത് അവിടെ സമരം ചെയ്യുന്ന, നിങ്ങളുടെ പാർട്ടിയിൽ നിന്നും പുറത്താക്കിയ ആ പാവം കമ്മ്യൂണിസ്റ്റുകളെ നിങ്ങൾ കൊല്ലരുത്, അവരുടെ കൈയും കാലും വെട്ടിയെടുക്കരുത്, അവരുടെ വീടിന് നിങ്ങൾ തീവയ്ക്കരുത്. ഗൗരവതരമായ ഈ വിഷയം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, എന്റെ സുഹൃത്ത് ബഹുമാന്യനായ വി. ഡി. സതീശൻ ഇവിടെ പറഞ്ഞ കാര്യം സംബന്ധിച്ച് വളരെ ചെറിയ സമയം കൊണ്ട്, വളരെയേറെ വിഷമത്തോടെ പറയുകയാണ്, ആ നാട്ടിൽ അങ്ങൊരിക്കലെങ്കിലും, ഒരു തവണയെങ്കിലും വരണമായിരുന്നു. ആ ജില്ലയിൽ നിന്നുള്ള രണ്ട് എം.എൽ.എ -മാരുണ്ട്, അവർ ഇക്കാര്യം പറഞ്ഞിരുന്നുവെങ്കിൽ കുറേക്കൂടി വ്യക്തമാകുമായിരുന്നു. എനിക്ക് ഒരു കാര്യമേ പറയാനുള്ളൂ, ഒരു ദിവസം പതിനഞ്ച് പേർ മരണപ്പെടുന്ന റോഡപകടങ്ങൾ, പ്രതിവർഷം നാലായിരത്തിലധികം ആളുകൾ റോഡപകടങ്ങളിൽ മരണപ്പെടുന്നു. അതിനൊരു പരിഹാരം നിങ്ങളുടെ സർക്കാരിന്റെ കാലത്ത് ആരംഭിച്ചു, അത് തുടർന്നു കൊണ്ടു പോകാൻ ഈ സർക്കാർ തീരുമാനിച്ചു. ഞാൻ പ്രതിനിധീകരിക്കുന്ന തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ ബൈപ്പാസ്

പ്രശ്നത്തിൽ അങ്ങൊരിക്കലെങ്കിലും ഇടപെട്ടിരുന്നുവെങ്കിൽ മനസ്സിലാകുമായിരുന്നു, 900 മീറ്റർ സ്ഥലത്താണ് ഈ ആക്ഷേപവും പ്രതിഷേധവും ഉയർന്നുവരുന്നത്. 900 മീറ്ററിൽ നഷ്ടപ്പെടുന്നത് 11.5 ഏക്കർ വയൽഭൂമിയാണ്. ആ 11.5 ഏക്കർ വയൽ ഭൂമിയുടെ ഉടമസ്ഥർ 60 പേരാണ്. ആ 60 പേരിൽ 56 പേരും കളക്ടർക്ക് സമ്മതപത്രം കൊടുത്തു. 24-ാം തീയതിയിലേയ്ക്ക് ഞാൻ അങ്ങയെ സ്നേഹപൂർവ്വം ക്ഷണിക്കുകയാണ്, ആ വയലിൽ എത്ര ഭൂമി വിട്ടുകൊടുക്കാൻ തയ്യാറുണ്ടെന്നും ബാക്കി വിട്ടുകൊടുക്കാത്ത ഭൂമി എത്രയുണ്ടെന്നും അന്ന് നിങ്ങൾക്ക് മനസ്സിലാകും. ഒറ്റക്കാര്യവും കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്, ഷെഡ് കത്തിച്ച കാര്യത്തെക്കുറിച്ച് അങ്ങ് വളരെ പ്രയാസത്തോടെ സംസാരിച്ചു.

മി. സ്പീക്കർ: ദയവായി അങ്ങ് ആ കാര്യത്തിലേയ്ക്ക് പോകേണ്ടതില്ല.

ശ്രീ. ജെയിംസ് മാത്യു: സർ, ബഹുമാനപ്പെട്ട തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ മുമ്പാകെ തളിപ്പറമ്പ് കീഴാറ്റൂർ വേട്ടയ്ക്കൊരു മകൻ ക്ഷേത്രത്തിന്റെ പ്രസിഡന്റ് ചന്തുക്കുട്ടി നമ്പ്യാർ സമർപ്പിക്കുന്ന ഹർജി- . " സർ, കീഴാറ്റൂർ ശ്രീ വേട്ടയ്ക്കൊരുമകൻ ക്ഷേത്രത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് കീഴാറ്റൂർ ബൈപ്പാസ് സമരക്കാരായ വയൽക്കിളികൾ എന്ന സംഘടന അനധികൃതമയി കെട്ടിയ സമരപ്പന്തൽ പൊളിച്ചുമാറ്റണമെന്ന് ക്ഷേത്രകമ്മിറ്റി

തീരുമാനിച്ചിരുന്നു. ഇന്ന് കീഴാറ്റൂരിൽ നടന്ന സമരത്തെ തുടർന്ന് പ്രസ്തുത ഷെഡ് സമര പ്രവർത്തകർ കത്തിച്ചതായി മനസ്സിലാക്കുന്നു. ഇത് സംബന്ധിച്ച് ക്ഷേത്രകമ്മിറ്റി പ്രസിഡന്റെന്ന നിലയിൽ യാതൊരു പരാതിയും ഇല്ലെന്നും ഇതുമായി ബന്ധപ്പെട്ട് യാതൊരു നിയമനടപടിയും ആവശ്യമില്ലെന്നും മേലിൽ ഈ ക്ഷേത്രം വക സ്ഥലത്ത് യാതൊരു വിധത്തിലുമുള്ള സമരപ്പന്തൽ കെട്ടാൻ അനുമതി നൽകരുതെന്നും അഭ്യർത്ഥിക്കുന്നു. ആവശ്യമായ നിയമ നടപടി സ്വീകരിക്കണം. " ഇത്തരം ഒരു പരാതി തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ ഉണ്ടോയെന്ന് നിങ്ങൾ അന്വേഷിക്കൂ; ക്ഷേത്ര പറമ്പിൽ കെട്ടിയ സമരപ്പന്തൽ നഷ്ടപ്പെട്ടതിന് നിങ്ങൾക്കെന്തിനാണ് വേവലാതി; ഈ നാട്ടിൽ മനുഷ്യന് ജീവിക്കാൻ കഴിയണ്ടേ? തളിപ്പറമ്പും കണ്ണൂരും പയ്യന്നൂരും തലശ്ശേരിയുമുൾപ്പെടെയുള്ള സ്ഥലത്ത് ഒരു ബൈപ്പാസിനുവേണ്ടി എത്രകാലമായി ആളുകൾ ആഗ്രഹിക്കുന്നു. അത്തരം ഒരു ബൈപ്പാസ് വരുന്നതിൽ ഭൂവുടമകളായ കേവലം മൂന്നുപേരുടെ ആ പ്രതിഷേധത്തോടൊപ്പം നിൽക്കുന്ന നിങ്ങളെ കാലവും ചരിത്രവും തിരിച്ചറിയും, അങ്ങ് 'കൈ കൊത്തരുത്, കാല് കൊത്തരുത്' എന്ന് പറഞ്ഞു, ഒരു ദിവസമെങ്കിലും പ്രിയപ്പെട്ട വി.ഡി. സതീശൻ എന്റെ നാട്ടിലേയ്ക്ക് വരൂ, ആ നാടു കാണൂ, അവിടത്തെ ജനങ്ങൾ പറയുന്നത് മനസ്സിലാക്കൂ എന്ന് മാത്രമാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: സബ്മിഷനിൽ പറഞ്ഞ കാര്യമല്ല അങ്ങിവിടെ ഉന്നയിച്ചത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ ചില കേസ്സുകളെക്കുറിച്ച് പറഞ്ഞു. ശ്രീ. ജെയിംസ് മാത്യുവും അതേ കാര്യത്തെക്കുറിച്ച് സംസാരിച്ചു. അങ്ങ് പറഞ്ഞ വിഷയം നോട്ടീസിലുള്ളതുകൊണ്ട് ആവർത്തിക്കുന്നില്ല. ഭീഷണി മുഴക്കി, തടഞ്ഞുവച്ചു എന്നിങ്ങനെ കുറെ കാര്യങ്ങളാണ് അങ്ങ് പറഞ്ഞിട്ടുള്ളത്. സ്വാഭാവികമായും അതുമായി ബന്ധപ്പെട്ട ഒരു കേസ് വന്നിട്ടുണ്ട്. സർവ്വേ തടസ്സപ്പെടുത്തുന്ന ഒരു കേസ്. അതിനു മുമ്പ് ശ്രീ. ജെയിംസ് മാത്യു പറഞ്ഞു, കീഴാറ്റൂർ വേട്ടയ്ക്കൊരു മകൻ ക്ഷേത്രം വക സ്ഥലത്ത് അനുവാദമില്ലാതെയാണ് സമരപ്പന്തൽ കെട്ടിയതെന്ന്. അതും എതിർക്കാൻ ബാധ്യസ്ഥരാണ്. അവരും പരാതി കൊടുത്തു. ക്ഷേത്ര കമ്മിറ്റി പ്രസിഡന്റ് ചന്തുക്കുട്ടൻ നമ്പ്യാർ പരാതി കൊടുത്തു. അതിന് കേസ്സുണ്ട്. ഇവരുടെ പന്തൽ കത്തിച്ചതിനും കേസ്സുണ്ട്. 2018 മാർച്ച് 13-ന് ആ നാട്ടുകാരിയായ ശ്രീമതി എം. പത്മിനി അതുവഴി പോകുമ്പോൾ സമരത്തിൽ പങ്കെടുത്തുകൊണ്ടിരുന്ന സ്ത്രീകളിൽ ഒരാളായ ശ്രീമതി നമ്പ്രാടത്ത് ജാനകി ശ്രീമതി എം. പത്മിനിയെ അസഭ്യം പറഞ്ഞതിന് അവർ പരാതി കൊടുത്തു. അതിന്റെ പേരിലും ക്രൈം നമ്പർ 282/18 ആയി കേസുണ്ട്. അവിടെ ഒരു വിദ്യാർത്ഥിയെ ഉപദ്രവിച്ചു. ആ

വിദ്യാർത്ഥിയെ ബി.ജെ.പി./ആർ.എസ്എസ്.-കാരാണ് ഉപദ്രവിച്ചത്. തൃച്ചമ്പരം ശ്രീകൃഷ്ണ ക്ഷേത്രത്തിൽ 2018 മാർച്ച് 11-ന് ഉത്സവം കാണാൻ പോയ കുട്ടിയെയാണ് ഉപദ്രവിച്ചത്. ഉത്സവപ്പറമ്പ് ആർ.എസ്.എസ്.-കാരുടെ കുടുംബസ്വത്തായിട്ടാണ് അവർ കരുതുന്നത്. അതിനും ക്രൈം നമ്പർ 276/2018 ആയി കേസുണ്ട്. അങ്ങനെ അഞ്ച് കേസുകൾ എടുത്തിട്ടുണ്ട്. അതെല്ലാം നിയമപാലനത്തിന്റെ ഭാഗമായി ഗവൺമെന്റ് ചെയ്തിട്ടുള്ളതാണ്. അങ്ങ് ഇവിടെ പറഞ്ഞപ്പോൾ സാധാരണ ദേശീയ തലത്തിൽ സി.പിഎം.-നെതിരെ നടത്തുന്ന ഒരു ക്യാമ്പെയിനാണ് നന്ദിഗ്രാമിലും സിങ്കൂരിലുമൊക്കെയുള്ള പ്രശ്നങ്ങളെന്ന് സൂചിപ്പിക്കുകയുണ്ടായി. അതങ്ങനെ പറഞ്ഞില്ലെങ്കിലും ആവർത്തിക്കരുതെന്ന് അങ്ങ് പറഞ്ഞു. ആവർത്തിക്കേണ്ട സാഹചര്യമെന്താണ്? ഇത് തമ്മിൽ എന്താണ് സാമ്യം? ബംഗാളിൽ മഴ പെയ്യുമ്പോൾ ഞങ്ങൾ ഇവിടെ കുട പിടിക്കാൻ ഉദ്ദേശിക്കുന്നില്ല. ഞങ്ങൾക്ക് ഞങ്ങളുടേതായ രീതിയുണ്ട്. അവർക്ക് അവരുടേതായ രീതിയുണ്ട്. രണ്ടിനും പൊതുവായുള്ള രീതികളുമുണ്ട്. അതു മാത്രമേ പറയുന്നുള്ളൂ. ഒരു കുഞ്ഞിനെപ്പോലും വെടിവയ്ക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല, വെടിവച്ചിട്ടുമില്ല, വെടിവയ്ക്കാൻ പോകുന്നുമില്ല. വെടിവച്ചവർ ആരെല്ലാമാണെന്നും അതിനുള്ള സാഹചര്യമെന്താണെന്നും ചരിത്രത്തിലുണ്ട്. അതിനുള്ള സാഹചര്യങ്ങളുമുണ്ട്.

ഇവിടത്തെ പോലീസ് സേനയെകൊണ്ടോ, ഈ ബൈപ്പാസ് അവിടെ നിർമ്മിക്കണമെന്ന് ആഗ്രഹിക്കുന്ന തൊണ്ണൂറ്റിഒമ്പതേമുക്കാൽ ശതമാനത്തിലേറെ കേരളത്തിലെ ജനങ്ങളെക്കൊണ്ടോ, ഒരു കൈവിരലിൽ എണ്ണാവുന്നവരോ നാളെ മറ്റ് സമ്മർദ്ദങ്ങളാൽ കുറച്ചുകൂടി വെളിയിൽനിന്നും കൊണ്ടുവരാവുന്നവരോ ആയ ആളുകളുടെ ശരീരത്തിൽ ഒരു തുള്ളി രക്തംപോലും വീഴ്ത്താൻ ഈ ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കുകയില്ല. അതിനപ്പറ്റി വിഷമിക്കണ്ട. ആത്മഹത്യ ചെയ്യാൻ പോകുന്നവരുടെ രക്തം ഒഴുക്കാൻ തയ്യാറായിരിക്കുകയാണ്. അതിനും പോലീസ് സമ്മതിക്കണ്ടേ സർ? ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ശ്രീ. വി. ഡി. സതീശന് അതെല്ലാം നന്നായി അറിയാം. ധാർമ്മികമായി ഈ സമരം ശരിയല്ല. ശ്രീ. വി. മുരളീധരൻ, അദ്ദേഹം ഇപ്പോൾ എം. പി. ആണ്. വേറൊരു സ്റ്റേറ്റിൽ നിന്നാണ്. എന്നിരുന്നാലും എം.പി. തന്നെയാണല്ലോ? ഏത് സ്റ്റേറ്റിൽ നിന്നായാലും എം. പി. എം. പി തന്നെയാണ്. അദ്ദേഹം എം. പി. ആയി, ഉടൻ കേരളത്തിൽ ഭരണം തുടങ്ങിയിരിക്കുകയാണ്. അദ്ദേഹമാണ് ഇപ്പോൾ സംസ്ഥാന ഗവൺമെന്റ്. മനോരമയിൽ ഇന്നലെ വന്ന വാർത്തയാണ് ഞാൻ വായിക്കുന്നത്. 'കീഴാറ്റൂർ സമരം: ബൈപ്പാസ് മാറ്റാൻ എൻ.എച്ച്. അതോറിറ്റിക്ക് എതിർപ്പുണ്ടെന്ന് ശ്രീ. വി. മുരളീധരൻ പറഞ്ഞിരിക്കുന്നു. നിങ്ങൾ മാറ്റിക്കോ, മാറ്റേണ്ട എന്ന്

ആരാണ് പറഞ്ഞത്? നിങ്ങൾ അല്ലേ അത് പറഞ്ഞത്, National Highways Authority of India (NHAI) അല്ലേ അത് പറഞ്ഞത്? യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ് ഡി.പി.ആർ. തയ്യാറാക്കാൻ ആരംഭിച്ചത്. ആർക്കെതിരായിട്ടാണ് വാദിക്കുന്നത്? വാദിക്കുന്നത് നിങ്ങൾക്കെതിരായിട്ടാണ്. മലർന്ന് കിടന്ന് തുപ്പിയാൽ സ്വന്തം മുഖത്തോ ശരീരത്തിലോ അല്ലേ വീഴുക? ഞങ്ങൾക്ക് എന്താണ് കാര്യം? മാർക്സിസ്റ്റ് പാർട്ടിക്ക് അതിനകത്ത് എന്താണ് കാര്യം? ബൈപ്പാസ് ഉണ്ടാകണം, നാഷണൽ ഹൈവേ ഉണ്ടാകണം. നാട്ടുമുഴുവൻ ഗതാഗത യോഗ്യമാക്കണം. നിങ്ങൾ എല്ലാവരും ഇതിനോട് യോജിക്കുന്നവരും സഹകരിക്കുന്നവരുമാണ്. ശ്രീ. വി. മുരളീധരൻ എം. പി. ആയപ്പോൾ ഇവിടെ മുഖ്യമന്ത്രി ഇല്ല, മന്ത്രിമാരില്ല, എം.എൽ.എ.മാരില്ല, ലെജിസ്ലേച്ചറില്ല, ഒന്നുമില്ല. അദ്ദേഹം അങ്ങ് ഭരിക്കുകയാണ്. ഇതാണ്, അല്പന് ഐശ്വര്യം ഉണ്ടായാൽ അർദ്ധരാത്രിക്കും കുട പിടിക്കും എന്ന് പറയുന്നത്. എന്റെ അടുത്ത സുഹൃത്താണ്, ഇതുവരെ ഒരു കുഴപ്പവുമില്ല. എം. പി. ആയപ്പോൾ ആളങ്ങ് മാറി, ഭാവപ്പകർച്ചയാണ്. ഇതാണ് ബി.ജെ.പി.-ക്ക് സംഭവിച്ചത്. തോറ്റ് തൊപ്പിയിട്ടുകൊണ്ടിരിക്കുകയല്ലേ? 31 ശതമാനം വോട്ടുള്ളവർ ഇവിടെ അഹങ്കരിക്കേണ്ട കാര്യമുണ്ടോ? പലതവണ ഇവിടെ പറഞ്ഞിട്ടുള്ളതല്ലേ?

അഹങ്കാരത്തിന്റെ പത്തി ഓരോന്നായി തകരാൻ പോകുകയാണ്. അതുകൊണ്ട് പത്തി തകരുമ്പോൾ കൈപ്പത്തിപോലും പൊക്കാൻ പറ്റാത്ത, കോൺഗ്രസിന്റെ കൈപ്പത്തിയെക്കുറിച്ചല്ല പറയുന്നത്, സ്വന്തം കൈപ്പത്തിയെക്കുറിച്ചാണ് പറയുന്നത്. ശ്രീ. വി. മുരളീധരൻ ഇങ്ങനെയൊന്നും പറയരുത്. അതിനൊരു മറുപടി ഇന്നലെ വന്നപ്പോൾത്തന്നെ, ഈ പത്ര കട്ടിംഗ്സ് മുഴുവൻ, എന്റെ ഓഫീസിൽ, പത്ത് മുന്നൂറെണ്ണം, അപ്പോൾത്തന്നെ ബന്ധപ്പെട്ട അതോറിറ്റിക്ക് കൊടുത്തു, ഒരു വിശദീകരണം വേണം. പത്രക്കാർക്ക് അറിയില്ലല്ലോ? വിശദീകരണം വാങ്ങുന്നുണ്ട്; അതിന് പ്രത്യേക ഏർപ്പാടുണ്ട്. എൻ.എച്ച്.എ.ഐ.യുടെ കേരള സംസ്ഥാന ഭാരവാഹിക്ക് അയച്ചു. അദ്ദേഹം ഇന്നലെ എനിക്ക് അയച്ച, ഇന്നലെ രാത്രിയിൽ അയച്ച അദ്ദേഹത്തിന്റെ ഇ-മെയിൽ സന്ദേശമാണ് ഞാൻ വായിക്കുന്നത്. 'NHAI Road over bridge in Kerala 19th March in 2018 at 10.48 pm. Alignment of Thaliparampa bypass,

Dear sir,

There is no change in the alignment as finalised for construction of Thaliparamba bypass…. കേന്ദ്ര ഗവൺമെന്റ് പറയുകയാണ്. ശ്രീ. വി. മുരളീധരൻ പറയുന്നത് മാറ്റാൻ തീരുമാനിച്ചു എന്നാണ്. അദ്ദേഹം ഡൽഹിയിലെ

പാർലമെന്റിന്റെ വരാന്തയിൽപോലും ഇതുവരെ പോയിട്ടില്ല. ഒരു മന്ത്രി മന്ദിരത്തിലും പോയിട്ടില്ല. അദ്ദേഹം അങ്ങ് പറയുകയാണ്. 'Consequent to the meeting held in the chamber of Honourable PWD Minister in the presence of various stakeholders, a site visit was conducted to confirm the alignment proposed by DPR consultant based on technical parameters and the alignment has been adopted, duly consented to by DC Kannur and accorded sanction by the Govt. of Kerala. And Central Govt. 3A stage of LA has been completed and 3D is being published shortly. NHAI is taking all actions in accordance with the alignment approved by the Govt. of Kerala.' ഞങ്ങൾ ഈ ചെയ്തത് പുതിയ കാര്യമല്ല. എല്ലാം നിങ്ങൾ തുടങ്ങിവച്ച കാര്യങ്ങളാണ്. ഒരു പദ്ധതിയും ഞങ്ങൾ ഉപേക്ഷിച്ചിട്ടില്ല. അഞ്ച് കോളത്തിലായി മലയാള മനോരമയിൽ കൊടുത്തിരിക്കുന്ന ശ്രീ. വി. മുരളീധരന്റെ സ്റ്റേറ്റ്മെന്റ് സത്യവുമായി വിദൂരബന്ധമില്ലെന്നു പറഞ്ഞാൽ സത്യം നാണിക്കും. ഇത് അസത്യമാണ്, കളവാണ്. ഇത് അവിടെ കലാപമുണ്ടാക്കാനാണ്. അതിന് യു.ഡി.എഫ്. കൂട്ടുനിൽക്കുകയാണ്. അത് നിങ്ങൾക്ക് ദോഷമാണ്. ഇതു കഴിഞ്ഞിട്ട് പ്രതിപക്ഷ നേതാവ് ഇതിനെക്കുറിച്ച് സംസാരിക്കട്ടെ. അതുമാത്രമല്ല ഡിസ്ട്രിക്ട് കളക്ടറുടെ

റിപ്പോർട്ടുണ്ട്. ഡിസ്ട്രിക്ട് കളക്ടറാണ് സെൻട്രൽ ഗവൺമെന്റിന്റെ ലാൻഡ് അക്വസിഷൻ അതോറിറ്റിയുടെ പരമാധികാരി. സ്ഥലമെടുക്കുന്നത് അദ്ദേഹമാണ്, വില കൊടുക്കുന്നത് അദ്ദേഹമാണ്, എല്ലാം അദ്ദേഹമാണ്. അതുകൊണ്ട് ഞങ്ങൾ ഇടപെടാറില്ല. ജനകീയമായ ആവശ്യം വരുമ്പോൾമാത്രം NHAI-ക്കും, കളക്ടർക്കും അപേക്ഷ കൊടുക്കാറുണ്ട്. മുഖ്യമന്ത്രി വഴി കൊടുക്കാറുണ്ട്. ആ ആവശ്യം ന്യായമാണന്ന് പരിഗണിക്കാൻ മാത്രം. ഒന്നും ഞങ്ങൾ തടസ്സപ്പെടുത്തുന്നില്ല. കളക്ടർ ഇന്നലെ രാത്രിയിൽ അയച്ച ലെറ്ററിൽ പറയുന്നത്, 'Regarding alignment for Thaliparamba bypass, 3 alignments were considered,.....മൂന്നെണ്ണം പരിശോധിച്ചിട്ടാണ് ഇത് അംഗീകരിച്ചത്. Out of the alignments, the one that would cause least disruption and displacement of the general public was chosen.'

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ സൂചിപ്പിച്ചത് Right to Fair Compensation Act-നെക്കുറിച്ചാണ്. വകുപ്പുകൾ 4, 5, 6, 7, 8. ഈ 3(എ) നോട്ടിഫിക്കേഷൻ ഇറക്കുന്നതിനു മുമ്പ് Social Impact study തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നതിന് നടപടിക്രമങ്ങളുണ്ട്. അത് ചെയ്യണമെന്നുള്ളത് നിയമമാണ്. പാർലമെന്റ് പാസ്സാക്കിയ നിയമമാണ്. 2003 -ൽ യു.പി.എ. ഗവൺമെന്റ്

കൊണ്ടുവന്ന പ്രധാനപ്പെട്ട വിപ്ലവകരമായ നിയമമാണ്. ആ നിയമമനുസരിച്ചിട്ടാണ് ഈ അലൈന്മെന്റ് ഏതു സ്ഥലത്തുകൂടി വേണമെന്ന് ഫൈനലൈസ് ചെയ്യേണ്ടത്. ജനങ്ങളുടെ അഭിപ്രായം കേട്ടു. അതിനകത്ത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം അങ്ങയോട് പറഞ്ഞു. അത് ചെയ്തിട്ടില്ല. കാരണം Mitigatiory Plan എന്ന ഒരു പ്ലാൻ ഉണ്ട്. ആ Mitigatiory Plan ഡി.പി.ആർ. തയ്യാറാക്കുന്നതിനു മുമ്പ് തയ്യാറാക്കണം. Mitigatiory plan -എന്നു പറഞ്ഞാൽ, പരമാവധി ആളുകളുടെ അസൗകര്യം ലഘൂകരിച്ച് ആ പ്ലാൻ കൂടി തയ്യാറാക്കിയിട്ട് ഓപ്ഷൻസ് നോക്കണം. അത് ഒരു ഏജൻസിയെക്കൊണ്ട് പഠിപ്പിക്കണം. അത് ആളുകളുമായി ചർച്ച ചെയ്യണം, ഹിയറിംഗ് നടത്തണം. ഇതൊന്നും അവിടെ ഉണ്ടായിട്ടില്ല. ഈ നടപടിക്രമങ്ങളൊന്നും പാലിക്കാതെ 3 (എ) നോട്ടിഫിക്കേഷനിലേയ്ക്ക് പോയിരിക്കുകയാണ്. അതാണ് ഞാൻ പറഞ്ഞത്. അങ്ങ് സൂചിപ്പിച്ചതുപോലെ ഞങ്ങൾ വികസനത്തിന് എതിരല്ല. ഞങ്ങൾ പറയുന്നത് ഒരു പ്രദേശത്ത് ഒരു വികസന പ്രവർത്തനം നടത്തുമ്പോൾ അവിടെയുള്ള ആളുകളെ ബോദ്ധ്യപ്പെടുത്തുകയും നടപടിക്രമങ്ങൾ പാലിക്കുകയും വേണം. അത് ചെയ്തിട്ടില്ല എന്നാണ് ഇവിടെ പറഞ്ഞത്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഈ anxiety ഒക്കെ വളരെ ശരിയായ നിലയിൽത്തന്നെയാണ്. പക്ഷേ നിങ്ങളുടെ ഗവൺമെന്റ് ഇതെല്ലാം നടത്തിയശേഷം അവിടെ AECOM-എന്ന കൺസൾട്ടൻസിയെ വച്ചു. ഇതാണ് കളക്ടറുടെ റിപ്പോർട്ട്. കളക്ടറുടെ റിപ്പോർട്ടിൽ അത് പറഞ്ഞിട്ടില്ല. എല്ലാം ചെയ്തിട്ടുണ്ട്, അങ്ങ് പറഞ്ഞ നാട്ടുകാർക്കുണ്ടാകാവുന്ന ഏറ്റവും കുറഞ്ഞ ബുദ്ധിമുട്ട്, അതാണ് സ്വീകരിച്ചതെന്ന കളക്ടറുടെ റിപ്പോർട്ടാണ് ഞാൻ വായിക്കുന്നത്. മൂന്ന് അലൈൻമെന്റിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. ..The one that would cause least disruption and displacement of the general public was chosen. That is, Keezhattoor.

Alignment No.1.

Expansion of existing highway

Total no. of buildings - 298

Alignment No. 2.

Through Keezhattoor (Residential Area)

Total no. of buildings - 78

Alignment No. 3. (Approved alignment)

Through Keezhattoor Vayal

Total no. of buildings - 28

ഇതാണ് കളക്ടറുടെ റിപ്പോർട്ട്;

Based on the above three options, Govt. selected, ഗവണ്മെന്റ് എന്നു പറയുമ്പോൾ നമ്മുടെ ഗവണ്മെന്റ് മാത്രമല്ല, സെൻട്രൽ ഗവണ്മെന്റിന്റെ കാബിനറ്റ് അപ്രൂവ് ചെയ്താലേ ഇത് വരികയുള്ളൂ. എല്ലാം അപ്രൂവ് ചെയ്ത് വരികയാണ്. Alignment 3 as it caused least amount of loss to the people whose land is being acquired.

അതിനെക്കുറിച്ചാണ് ഇപ്പോൾ ചർച്ച നടക്കുന്നത്.

As the land is being acquired through the National Highway Act, technically consent of the landholders is not compulsory.

ആ ഭാഗവും കൂടി അങ്ങ് നോക്കണം, ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ആരോടും ഒന്നും കേന്ദ്ര ഗവൺമെന്റിന് ചോദിക്കേണ്ടതില്ല. ഒരു എതിർപ്പും കൂടാതെ ചെയ്യാം, അതാണ് ആക്ട്. ടെക്നിക്കലി, ദേശീയപാത വികസനത്തിന് ആരോടും ചോദിക്കേണ്ട കാര്യം കേന്ദ്രഗവൺമെന്റിനില്ല, അതാണ് ആക്ട്. എന്നുകരുതി അവർ ചോദിക്കാൻ പാടില്ല എന്നല്ല. നമ്മൾ ചോദിക്കാറുണ്ട്, ഒരു പട്ടാള രൂപത്തിലല്ല

നമ്മൾ ചെയ്തിട്ടുള്ളത്. കേന്ദ്രഗവൺമെന്റിന് ആരോട്ടും ചോദിക്കാതെ വേണമെങ്കിൽ ചെയ്യാം. കാരണം വലിയ എതിർപ്പുണ്ടായാൽ ചെയ്യാൻ വേണ്ടിയായിരിക്കും അങ്ങനെയൊരു പ്രൊവിഷൻ വച്ചിട്ടുള്ളത്. In Keezhattoor, the opposition has come from non-owners of the land citing environmental concerns. അതിരിലും മറ്റുമുള്ള ഒരു കൃഷിയിലും ഏർപ്പെടാത്ത, അവരുടെ സ്വന്തമായ വിദേശ ഫണ്ടിംഗും മറ്റുകാര്യങ്ങളുമായുള്ള കൃഷികളിലേർപ്പെട്ട് ബുദ്ധിജീവികളായി നടക്കുന്നവരൊക്കെ അവിടെ എത്തിയിരിക്കുകയാണ്. അവർക്ക് കുറച്ച് ദിവസമായി മറ്റ് പരിപാടികളൊന്നുമില്ല. അവർ ഗോയലിന്റെ മാറ്റി, ഗയാലിന്റെ മാറ്റി, ഓരോ സ്ഥലത്ത് ഇങ്ങനെ....അവർക്കൊന്നും വേറെ ജോലിയില്ല. നമുക്കൊക്കെ രാവിലെ മുതൽ ജോലിയുണ്ട്. ജോലി ചെയ്യാതിരിക്കാൻ പറ്റാത്തതുകൊണ്ട് ഈ ജോലിയ്ക്ക് പോയിരിക്കുന്നു എന്നേയുള്ളൂ. അവരുടെ ജോലി അവർ നിർവ്വഹിക്കട്ടെ, നമ്മൾ അതിൽ കൂട്ടുചേരണമോ എന്നതാണ് പ്രശ്നം. so, non-owners of the land citing environmental concerns they have come from various parts of the state or outside. A vast majority of the land owners have not expressed any objection to the land acquisition. ഇതുസംബന്ധിച്ച് പഠനം നടത്തിയപ്പോൾ സ്ഥലമുടമകളിൽ ഭൂരിഭാഗംപേരും ഒന്നും പറഞ്ഞില്ല. 60 പേരിൽ 56 പേരും സ്ഥലം

വിട്ടുനൽകിക്കൊണ്ട് സമ്മതപത്രം നൽകിക്കഴിഞ്ഞു. 4 പേർ മാത്രമേ ബാക്കിയുള്ളൂ. 3A notification for this stretch was issued dated 04-01-2018. Total extent of paddy field is approx 4.5 hectors, ie., 10 acres. പക്ഷേ 500-600 മീറ്റർ മാത്രമേ ഇതിൽനിന്നും പോകുന്നുള്ളൂ. അതിന്റെ span എല്ലാംകൂടി വന്നാലും 780 മീറ്റർ മാത്രമേ വരുന്നുള്ളൂ. We haven't reached the stage of individual survey yet. Only alignment has been fixed as of now. So we can only state based on local enquiry, there are approximately 60 estimated land owners. 56 of whom have given consent to the MLA, who handed over the consent forms to me. The figure of 60 is only an estimation and is subject to smaller changes during the individual survey, which will begin after the 3D notification. കളക്ടറുടെയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെയും സെൻട്രൽ ഗവൺമെന്റിന്റെയും അഭിപ്രായം ഞാനിവിടെ പറഞ്ഞുകഴിഞ്ഞു. ഞാൻ അധികം നീട്ടുന്നില്ല.

ഈ വിഷയത്തിലെ ഒന്നാമത്തെ പോയിന്റ്, ഇതുസംബന്ധിച്ച അലൈൻമെന്റ് ഫിക്സ് ചെയ്തതും ഡി.പി.ആർ തീരുമാനിച്ചതും യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്താണ്. അതിൽ കാതലായ മാറ്റമൊന്നും ഈ ഗവൺമെന്റ് വരുത്തിയിട്ടില്ല,

ചെറിയ വ്യത്യാസങ്ങൾ മാത്രമേ വന്നിട്ടുള്ളൂ. രണ്ടാമത്തെ കാര്യം, സെൻട്രൽ ഗവൺമെന്റും നാഷണൽ ഹൈവേ അതോറിറ്റിയും അംഗീകരിച്ചതാണ്. അവർ ഒരു വർഷം വെറുതെ കളഞ്ഞു. ഇത് കഴിഞ്ഞ വർഷം ആരംഭിക്കേണ്ടതാണ്. ഞാൻ കഴിഞ്ഞ ജനുവരി 17-ന് ഡൽഹിയിൽ പോയി ശ്രീ. നിതിൻ ഗഡ്കരിയെയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ചെയർമാനെയും ദേശീയ ഗവൺമെന്റ് സെക്രട്ടറിയെയും കണ്ടു. ശ്രീ. നിതിൻ ഗഡ്കരിയും മറ്റും വളരെ സഹായകരമായ നിലപാടാണ് സ്വീകരിച്ചത്. പറഞ്ഞ പ്രകാരംതന്നെ, അതുവരെ 3A നോട്ടിഫിക്കേഷൻ ഇറങ്ങാതിരുന്ന ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള 3A അടക്കം അദ്ദേഹം ഫെബ്രുവരി 15-ന് കൃത്യമായി, അല്ലെങ്കിൽ 3D -യിലേയ്ക്ക് പോകുകയാണ്, പിന്നെ 3G ആകുമ്പോൾ സ്ഥലമെടുക്കും, 2018 നവംബറിൽ കേരളത്തിൽ അവസാനത്തെ സ്ട്രെച്ചിട്ടും, ദേശീയപാതയുടെ നിർമ്മാണം ആരംഭിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. അങ്ങനെയാണെങ്കിൽ ഈ സഭയുടെ കാലത്തുതന്നെ അത് പൂർത്തീകരിക്കാൻ കഴിയും. വളരെ അപൂർവം സ്ഥലത്തുമാത്രമേ പ്രശ്നമുണ്ടായിട്ടുള്ളൂ. കീഴാറ്റൂരിലെ സമരം ജനാധിപത്യവിരുദ്ധമാണ്. കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങളും, ദശാംശം ഒരു ശതമാനംപോലും എതിർക്കാത്ത ദേശീയപാത നിർമ്മാണത്തെ.. എന്തുകൊണ്ട് നിങ്ങൾ..... ഞങ്ങളുടെ സ്ഥലം

ഏറ്റെടുത്ത് പൈസ തരു .... ഇങ്ങനെ ബുദ്ധിമുട്ടിക്കാതെ .... പെൺകുട്ടികളെ വിവാഹം കഴിപ്പിക്കാൻ കഴിയുന്നില്ല കാരണം സ്ഥലം കൊടുത്താൽ ആരും എടുക്കുന്നില്ല. ഇങ്ങനെ വിഷമിക്കുന്ന സമയത്ത് ന്യായമായ തരത്തിൽ ജനാധിപത്യപരമായി ചെയ്യുമ്പോൾ ജനാധിപത്യവിരുദ്ധ......... ഏതാണെന്ന് നമ്മൾ ഡിക്റ്റേറ്റ് ചെയ്യുകയാണ്. അരൂരിൽനിന്ന് വന്ന ഒരാൾ പറയുന്നത് 30 മീറ്ററല്ലാതെ 31 മീറ്റർ സമ്മതിക്കില്ല എന്നാണ്, കീഴാറ്റൂർ അല്ല പ്രശ്നം. കീഴാറ്റൂരിന് വെളിയിൽനിന്ന് വന്ന ഒരാളാണ് ആ സമരം നയിക്കുന്നത്. അവിടെ ഭൂമിയില്ലെങ്കിലും സമരം നയിക്കാമല്ലോ. ഞാൻ വിളിച്ച കോൺഫറൻസിൽ നിങ്ങൾക്കൊരു ബദൽ റൂട്ട് പറയാമോയെന്ന് ചോദിച്ചപ്പോൾ അത് പറയാൻ കഴിയില്ലെന്നാണ് പറഞ്ഞത്. അരൂർകാരൻ നേതാവ്, അരൂർകാരൻ എന്നുപറഞ്ഞാൽ ആ നാട്ടുകാരനാണോയെന്ന് സംശയമാണ്, ജോലി അവിടെ ചെയ്യുകയാണ്. ശ്രീ. എ. എം. ആരിഫിന് ആളിനെ അറിയാം. അദ്ദേഹം ടെലിവിഷനിൽക്കൂടി പറഞ്ഞത്, 30 മീറ്ററല്ലാതെ ഒരു സെന്റ് പോലും എടുക്കാൻ സമ്മതിക്കില്ലെന്നാണ്. വി. എസ്. ഗവൺമെന്റിന്റെ കാലത്ത് ഞാനും ശ്രീ. എ. കെ. ബാലനും ഡോ. ടി. എം. തോമസ് ഐസക്കും മന്ത്രിസഭയിലുണ്ടായിരുന്നു. ഞങ്ങളിത് വിശദമായി ചർച്ച ചെയ്തു. ഞങ്ങൾ 30 മീറ്റർ മതിയെന്ന് തീരുമാനിച്ച,

ബഹുമാനപ്പെട്ട മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ അത് ഡൽഹിയിൽ കൊണ്ടുപോയി കൊടുത്തു, ആറുമാസം പ്രശ്നമില്ലായിരുന്നു. ഡൽഹിയിൽ അത് ഒരു മന്ത്രി മാറ്റിപ്പറഞ്ഞപ്പോൾ ഇവിടെയും ചർച്ച വന്നു. സി.പി.ഐ.(എം) സി.പി.ഐ, കോൺഗ്രസ് (ഐ), മുസ്ലീം ലീഗ്, ബി.ജെ.പി. തുടങ്ങി എല്ലാ പാർട്ടികളും ഡയൽഹിയിൽ പോയി ചർച്ച ചെയ്തപ്പോൾ 60 മീറ്റർ വേണമെന്ന് പറഞ്ഞു. നമ്മൾ 30 മീറ്ററാണ് പറഞ്ഞത്. അങ്ങനെയൊരു മധ്യസ്ഥതയിലാണ് കേരളത്തിന് മാത്രം 45 മീറ്റർ എന്നുപറഞ്ഞത്. എല്ലാവരും അതിൽ പങ്കാളികളാണ്. എങ്ങനെ ശ്രീ. കെ. മുരളീധരന് സംസാരിക്കാൻ കഴിയും, ഒരിക്കലും കഴിയില്ല. ദേശീയപാത ഏതുവഴി വേണമെന്നും എങ്ങനെ വേണമെന്നും ഞാനോ നിങ്ങളോ ആണോ തീരുമാനിക്കുന്നത്? ശ്രീ. വി. ഡി. സതീശൻ പറഞ്ഞതിൽ തെറ്റില്ല, അദ്ദേഹം അവിടത്തെ അഭിപ്രായം പറഞ്ഞുവെന്നേയുള്ളൂ. ഇതിന്റെ ഉത്തരവാദിത്വം എല്ലാവർക്കുംകൂടിയുള്ളതാണ്. ഇത് പണിഞ്ഞുതീർത്താൽ ഞങ്ങൾക്ക് മാത്രമല്ല, എല്ലാവർക്കുമുള്ളതാണ്. അതുപോലെതന്നെ ശാസ്ത്രീയമായ ഘടന മാറ്റാൻ പറയാൻ കഴിയില്ല. അവിടെ ഏറ്റവും കുറച്ച് വീടുകൾ പോകുന്ന സ്ഥലമാണ്, ഇപ്പോൾ നെൽകൃഷിയില്ല. രണ്ട് ഭാഗത്ത് മലയായതുകൊണ്ട് താഴ്ന്നുകിടക്കുന്ന സ്ഥലത്ത് ജലനിർഗ്ഗമനമുണ്ട്. ജലനിർഗ്ഗമനത്തിന് കേടുപറ്റാതെ അവിടെ പാലം

പണിതാലും നെൽകൃഷി നടത്താൻ സാധിക്കുമോ എന്നതുസംബന്ധിച്ചൊക്കെ നമുക്ക് ആലോചിക്കാവുന്നതാണ്. ഇവിടെ സി.പി.ഐ(എം)-നും ഇത് പണിയണം എന്ന അഭിപ്രായംതന്നെയാണ് ഗവൺമെന്റിനുള്ളത്. നിങ്ങളുടെ അഭിപ്രായവും അതായിരുന്നു. ഇപ്പോഴും അതുതന്നെയാണ്. സി.പി.ഐ(എം) എന്തിനാണ് മാറ്റിപ്പറയുന്നത്? സി.പി.ഐ(എം) ബി.ജെ.പി. അല്ലല്ലോ മാറ്റിപ്പറയാൻ. കേന്ദ്രം ഭരിച്ച് അവരുടെ അധികാരികൾ പണിയുന്ന റോഡിനെതിരെ സമരം ചെയ്ത്........... വേറെ വല്ല പാർട്ടിയിലുമാണെങ്കിൽ എം.പി.യല്ല ആരായാലും പുറത്താക്കും. നിങ്ങളുടെ പാർട്ടി അങ്ങനെ ആകരുത്, ഒരിക്കലും അങ്ങനെയാകാൻ പാടില്ല. ഞാൻ കൂടുതൽ സമയമെടുക്കുന്നില്ല. നാളെ കേന്ദ്രം ഭരിക്കാൻ ആഗ്രഹിക്കുന്ന നിങ്ങളുടെ ദേശീയ പ്രമേയം ഞങ്ങളെല്ലാം വായിച്ചു. ഞങ്ങൾക്ക് അത് വായിച്ചിട്ട് ദേഷ്യമൊന്നുമില്ല. കേരളത്തിൽ അതൊന്നും നടക്കില്ല, അത് വേറെ കാര്യം. അത് ഞങ്ങൾ കൈകാര്യം ചെയ്തുകൊള്ളാം, നിങ്ങൾ പ്രതിപക്ഷമായിരിക്കുമ്പോൾ. വേറെ ആരും ഇവിടെ പ്രതിപക്ഷമായി വരാൻ പാടില്ല, നിങ്ങൾ തന്നെ വരണം. ഞങ്ങൾ ഭരണപക്ഷം നിങ്ങൾ പ്രതിപക്ഷം, വേറെ ആരും വരാൻ പാടില്ല. ദേശീയ തലത്തിൽ ഞങ്ങൾക്ക് വ്യാമോഹങ്ങളൊന്നുമില്ല, സി.പി.ഐ(എം) ഭരിക്കാനൊന്നും വരുന്നില്ല. നല്ല കാലത്തും ഞങ്ങൾ ഭരിക്കാൻ വന്നിട്ടില്ല. നിങ്ങൾ വിളിച്ചപ്പോഴും വന്നിട്ടില്ല,

ഗൗഡയും വി. പി. സിംഗും വിളിച്ചപ്പോഴും വന്നിട്ടില്ല. ഒന്നാം യു.പി.എ. ഗവൺമെന്റിൽ നിങ്ങളും വിളിച്ചിരുന്നു, ഞങ്ങളാരും വന്നില്ല. അതുകൊണ്ട് അതല്ല ഞങ്ങളുടെ മോഹം. നിങ്ങൾ കേന്ദ്രത്തിൽ വരാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങൾ ഇതിനെ എതിർക്കരുതെന്നുമാത്രമല്ല, അത് പറഞ്ഞ് മനസ്സിലാക്കേണ്ടവരെ മനസ്സിലാക്കി അവിടെത്തന്നെ കൂടുതൽ പ്രശ്നങ്ങളില്ലാത്തരീതിയിൽ എങ്ങനെ ചെയ്യാമെന്ന് ചർച്ച ചെയ്യുകയാണ് വേണ്ടത്. ഞാൻ ഇപ്പോൾ കൂടുതൽ കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നില്ല. ഇത് അടിയന്തരപ്രമേയമായി കൊണ്ടുവരേണ്ട കാര്യമില്ല. നല്ല ചർച്ച ഇവിടെ നടന്നു. ശ്രീ. വി. ഡി. സതീശൻ, കുറച്ച് മാർക്സിസ്റ്റ് വിരോധം പറഞ്ഞതൊഴിച്ചാൽ വേറെ പ്രശ്നമൊന്നുമുണ്ടായില്ല. വെടിവയ്പിന്റെ പ്രശ്നമേ ഉദിക്കുന്നില്ല. വെടി പോയിട്ട് ഒരു അടി പോലും അവിടെ ഉണ്ടാകില്ല. അവിടെ ഒരുപക്ഷേ ജനങ്ങൾ മുന്നോട്ടുവരും. റോഡ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് ഒപ്പിട്ടുകൊടുത്ത 56 പേർ അവിടെയുണ്ട്. അവരെയൊന്നും ഞങ്ങൾ അണിനിരത്തുന്നില്ല. നമുക്ക് അവിടെ ലക്ഷക്കണക്കിനാളുകളുണ്ട്. നമ്മൾ ആരെയും അണിനിരത്തുന്നില്ല. ജനങ്ങളെല്ലാം ഇത് അംഗീകരിച്ചിരിക്കുകയാണ്. ദയവായി ഈ സഭ വികസനപ്രവർത്തനത്തിന് തടസപ്പെടുത്തുന്ന ഫാസിസ്റ്റ് ശക്തികളുടെയും സാമ്രാജ്യത്വ ശക്തികളുടെയും പിറകെ പോകാതെ...... പണം വാങ്ങി

ബുദ്ധിജീവികളായി നടക്കുന്ന ചില ആളുകൾ അവിടെ വന്നിട്ടുണ്ട്, അവരെ സൂക്ഷിക്കണമെന്നും ജാഗ്രത വേണമെന്നും പറഞ്ഞുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്ന് വിനീതമായി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ പ്രശ്നത്തിൽ അടിയന്തരപ്രമേയം വന്നുവെന്നത് അതീവ നിർഭാഗ്യകരമായ കാര്യമാണ്. അടിയന്തരപ്രമേയത്തിന്റെ സാധാരണ നടപടിക്രമമനുസരിച്ച് മറുപടിക്കുശേഷം അങ്ങൊരു നിലപാട് പറയുമ്പോൾ പ്രതിപക്ഷനേതാവിന്റെ ഇറങ്ങിപ്പോകൽ പ്രസംഗമാണ് നടക്കുന്നത്. അതുകൊണ്ടാണ് ഞാൻ ഈ ഘട്ടത്തിൽ ഇടപെട്ട് സംസാരിക്കുന്നത്.

നമ്മുടെ സംസ്ഥാനത്തിന്റെ സ്വാഭാവികമായ വികസനത്തിന് വലിയ തടസ്സമാണ് പല കാരണങ്ങളാൽ സംഭവിച്ചിട്ടുള്ളത്. വികസന കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് നാഷണൽ ഹൈവേയുടേത് തന്നെയാണ്. നാഷണൽ ഹൈവേ വികസനത്തിന് കേരളത്തിലെ പ്രധാന രാഷ്ട്രീയ പ്രസ്ഥാനങ്ങളൊന്നും എതിരല്ല. എന്നാൽ നാഷണൽ ഹൈവേ വികസനം പാടില്ലെന്ന് ചിന്തിക്കുന്ന അപൂർവം ചിലർ നമ്മുടെ നാട്ടിലുണ്ട്. ഇവിടെ 60 മീറ്റർ എന്നത് രാജ്യത്തിന്റെ ഭാവി കണ്ടുകൊണ്ട് നിശ്ചയിച്ചിട്ടുള്ള വിസ്തൃതിയാണ്. പക്ഷേ, കേരളത്തിൽ സ്ഥലം വളരെ

കുറവായതുകൊണ്ട് 60 മീറ്റർ വിസ്തൃതിയിലേയ്ക്ക് പോകാൻ കഴിഞ്ഞില്ല എന്നതാണ് യഥാർത്ഥ വസ്തുത. നമ്മുടെ ചെറുപ്പകാലത്തുണ്ടായിരുന്ന റോഡുകളല്ല, അന്നുണ്ടായിരുന്ന അത്രയും വാഹനങ്ങളല്ല ഇപ്പോഴുള്ളത്. ഓരോ ദിവസവും വാഹനങ്ങൾ കൂടിവരികയാണ്. വാഹനപ്പെരുപ്പം റോഡുകൾക്ക് താങ്ങാനാകാത്ത അവസ്ഥയാണുണ്ടാക്കുന്നത്. അതിനുമാത്രം പര്യാപ്തമായ റോഡുകൾ വേണം. ഒരു നാടിന്റെ ഭാഗമായി റോഡുകൾ ഇല്ലെങ്കിൽ അവിടെ സഞ്ചരിക്കുന്ന ആളുകൾക്ക് എത്രയോ മണിക്കൂറുകൾ നഷ്ടപ്പെടുകയാണ്. ഇപ്പോൾത്തന്നെ നാം ഒരു സഞ്ചാരത്തിന് പുറപ്പെട്ടാൽ മുഖ്യമന്ത്രിയെന്ന നിലയിൽ മുന്നിലും പിന്നിലും പോലീസ് ഉള്ളതുകൊണ്ട് എനിക്ക് വലിയ തടസ്സം വരുന്നില്ല. പക്ഷേ സാധാരണക്കാർ യാത്ര ചെയ്യുമ്പോഴുള്ള അവസ്ഥ എന്താണ്? എത്രമാത്രം തടസ്സങ്ങളും ബ്ലോക്കുകളുമാണ് ഉണ്ടാകുന്നത്. ഇത് നമ്മുടെ നാട് ദിനംപ്രതി അനുഭവിക്കുകയും ശ്വാസംമുട്ടുകയും ചെയ്യുന്നതാണ്. സ്വാഭാവികമായി ഉണ്ടാകേണ്ട ഒരു കാര്യം നേരത്തെ തടസ്സപ്പെട്ടിരുന്നു. തടസ്സപ്പെട്ടതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. എന്നാൽ ഒരു കാരണമുണ്ട്. അതിൽ ചില എതിർപ്പുകൾ വരുമ്പോൾ ആ എതിർപ്പുകൾ നമുക്ക് വേണ്ടപ്പെട്ടവരിൽ നിന്നായതുകൊണ്ട് അതുമായി ബന്ധപ്പെട്ട നടപടികളിലേയ്ക്ക്

നീങ്ങിയാൽ അത് ദോഷമല്ലേ ചെയ്യുന്നത് എന്നൊരു ചിന്ത നമ്മളിൽ ഉണ്ടായതിന്റെ ഭാഗമായാണ് ഓരോ ഘട്ടത്തിലും ഇങ്ങനെ സംഭവിച്ചിട്ടുള്ളത്. അല്ലെങ്കിൽ ഇത് പണ്ടേ പൂർത്തിയാകേണ്ടതായിരുന്നു. അത്തരത്തിലുള്ള അനാവശ്യ എതിർപ്പുകളുടെ മുന്നിൽ വഴങ്ങിക്കൊടുത്ത് വികസനം തടസ്സപ്പെടുത്തില്ലെന്ന് നേരത്തെ തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച കീഴാറ്റൂരിന്റെ വിഷയത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. അത് ബഹുമാന്യനായ മന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞു. കീഴാറ്റൂരിന്റെ പ്രശ്നത്തിൽ സംഭവിച്ചിട്ടുള്ളത് ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുതന്നെയാണ്. കാരണം, അവിടെ സി.പി.ഐ.(എം.)-ന്റെ ശക്തികേന്ദ്രമാണ്. നല്ല തോതിൽ സി.പി.ഐ.(എം.)-കാരാണ് അവിടെയുള്ളത്. അവരിൽ ചിലർക്ക് ഇത് ബോദ്ധ്യപ്പെട്ടിട്ടില്ലെന്നുള്ളത് വസ്തുതയാണ്. അവർ ഇതിനെതിരെ സമരം ചെയ്യാൻ തയ്യാറായാൽ എന്തുവേണം. ഞാൻ നേരത്തെ പറഞ്ഞ വികാരത്തോടെ ഈ ഗവൺമെന്റ് നിൽക്കണോ? സി.പി.ഐ.(എം.)-കാരനായ മുഖ്യമന്ത്രിയും മന്ത്രിയും അത്തരത്തിലുള്ള ഗവൺമെന്റും ആയതുകൊണ്ട് സി.പി.ഐ.(എം.)-കാരായ ചിലർ എതിർക്കുന്നുവെന്ന കാരണത്താൽ ഇവിടെ വേണ്ട എന്നുപറഞ്ഞ് എല്ലാം അവസാനിപ്പിക്കാൻ

പറ്റുമോ? അവിടെയാണ് നാം ശ്രദ്ധിക്കേണ്ടത്. 60-ൽ 56 ഭൂവുടമകൾ സ്ഥലമെടുത്തുകൊള്ളാൻ പറഞ്ഞു. ഇക്കാര്യത്തിൽ നാം സ്വീകരിക്കേണ്ട നിലപാട് എന്താണ്? ആരെയും അനാവശ്യമായി ബുദ്ധിമുട്ടിക്കാൻ പാടില്ല. റോഡിനാണെങ്കിൽപ്പോലും അവരവരുടെ കയ്യിലുള്ള ഭൂമി എടുക്കുന്നുവെന്ന് പറയുമ്പോൾ വിഷമം ഉണ്ടാകുന്നത് സ്വാഭാവികമാണ്. ആ വിഷമം സർക്കാർ മനസ്സിലാക്കണം. അങ്ങനെ മനസ്സിലാക്കിയാൽ ചെയ്യാൻ കഴിയുന്നത് ആവശ്യമായ പുനരധിവാസ പ്രക്രിയ നടത്തലാണ്. അക്കാര്യത്തിൽ ഒരു കുറവും വരുത്താൻ ഉദ്ദേശിക്കുന്നില്ല. അതിന്റെ ഭാഗമായാണ് 60-ൽ 56 പേരും യോജിച്ചത്. അതല്ലേ നാം കാണേണ്ടത്; അതിന്റെ ഭാഗമായ നടപടികളല്ലേ സ്വീകരിക്കാൻ കഴിയുന്നത്? അക്കാര്യത്തിൽ എന്തിനാണ് രണ്ടുതരം നിലപാട്. ഇനി 56 പേരിൽ 4 പേർ വിട്ടുനിൽക്കുന്നു, അതിൽ 3 പേർ സമരത്തിലുണ്ട്, ആ 3 പേരിൽ എത്ര പേരെയാണ് കിട്ടുന്നതെന്ന് നോക്കണോ; അങ്ങനെയൊക്കെയാണോ ഇത് കൈകാര്യം ചെയ്യേണ്ടത്? എനിക്ക് ഒരു കാര്യം മാത്രമാണ് പറയാനുള്ളത്. ഇക്കാര്യത്തിൽ നാം ഒന്നിച്ച് നിൽക്കുകയാണ് വേണ്ടത്. ഇതുപോലുള്ള പ്രശ്നങ്ങളുണ്ടാകുമ്പോൾ സർക്കാർപക്ഷവും പ്രതിപക്ഷവും എന്ന വ്യത്യാസമില്ലാതെ ഒരുമിച്ചുനിന്ന്

നേരിടുകയാണ് വേണ്ടത്. ഏതായാലും ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്, ഈ ബൈപ്പാസ് എന്നുപറയുന്നത് നാഷണൽ ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. തളിപ്പറമ്പിന്റെ അവസ്ഥ നമുക്കറിയാം. ശ്രീ. കെ. സി. ജോസഫിനൊക്കെ തളിപ്പറമ്പ് നല്ലതുപോലെ അറിയാവുന്ന പ്രദേശമാണ്. ആ റോഡ് വികസിപ്പിക്കാൻ കഴിയുമോ? കഴിയുമെങ്കിൽ അതാണ് ഏറ്റവും നല്ലത്. അത് സാധിക്കില്ല. അതുകൊണ്ടാണ് ഇങ്ങനെയൊരു വഴി ആലോചിക്കേണ്ടി വന്നത്. അപ്പോൾ അതിന്റെ കൂടെ നിൽക്കാൻ ആളുകളെ പ്രേരിപ്പിക്കുന്ന നിലപാടാണ് മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളെല്ലാം സ്വീകരിക്കേണ്ടത്. ചിലർക്ക് വ്യത്യസ്തമായ നിലപാടുകൾ ഉണ്ടെന്നുള്ളത് വസ്തുതയാണ്. അതുകൊണ്ട് ഒരു കാര്യം മാത്രമേ എനിക്ക് പറയാനുള്ളൂ. ഞങ്ങൾ കൃഷിയുടെ പ്രാധാന്യം ഒരുതരത്തിലും കുറച്ചുകാണാൻ ആഗ്രഹിക്കുന്നില്ല. കാർഷികവൃത്തി വർദ്ധിച്ചുവരണമെന്ന് തന്നെയാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ടാണ് 196870 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നത് 2 വർഷംകൊണ്ട് 220448 ഹെക്ടറായി വർദ്ധിച്ചത്. 34000 ഹെക്ടർ തരിശുനിലങ്ങളാണ് പാടങ്ങളായി വീണ്ടെടുക്കാൻ കഴിഞ്ഞത്. ഇതെല്ലാം നമ്മുടെ നാട്ടിൽ നടന്ന കാര്യങ്ങളാണ്. റാണി, ചിത്തിര കായൽ,

ആവളപ്പാണ്ടി, നാലുമണിക്കാവ് ഇവിടെയെല്ലാം കൃഷി ആരംഭിച്ച് മുന്നോട്ടുപോകുകയാണ്. ആറന്മുള പദ്ധതി പ്രദേശത്ത് 355 ഹെക്ടർ സ്ഥലത്താണ് കൃഷിയിറക്കിയത്. വെറും പ്രഖ്യാപനങ്ങളല്ല; അതെല്ലാം പ്രാവർത്തികമാക്കി മുന്നോട്ടുപോകുന്നതാണ് കാണാൻ സാധിക്കുന്നത്. പക്ഷേ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുകയെന്നുള്ളത് വളരെ പ്രധാനമാണ്. അതുകൊണ്ട് കൃഷിക്കാരോടൊപ്പം നിൽക്കുന്നതിൽ ഒരു വ്യത്യാസവുമില്ല. കയ്യൂരും കരിവള്ളൂരും ഒക്കെ ശ്രീ. വി. ഡി. സതീശൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതേ വികാരത്തിൽത്തന്നെയാണ് നിൽക്കുന്നത്. കൃഷിക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് അവരോടൊപ്പം നിൽക്കും. കൃഷിക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി ഇനിയും സ്വീകരിക്കേണ്ടതുണ്ടെന്നാണ് സർക്കാർ കാണുന്നത്. അത്തരം നടപടികൾ ഇനിയും സ്വീകരിക്കും. അതുകൊണ്ട് ഒരുതരത്തിലുള്ള പ്രശ്നങ്ങളും ഇതിൽ ഉദിക്കുന്നില്ല. ഈ റോഡ് നമുക്കാവശ്യമാണ്. അതിൽ നിന്ന് മാറിപ്പോകാൻ സാധിക്കില്ല. വേറൊരു റോഡോ സ്ഥലമോ അവർക്ക് തന്നെ ചൂണ്ടിക്കാണിക്കാനില്ല. ആ സാഹചര്യത്തിൽ കീഴാറ്റൂരിൽക്കൂടി മാത്രമേ പോകാൻ സാധിക്കുകയുള്ളൂ എന്നുള്ളതുകൊണ്ടാണ് ആ റോഡ് എടുക്കുന്നത്.

അത് മനസ്സിലാക്കാനും കൂടെ നിൽക്കാനും പ്രതിപക്ഷം തയ്യാറാകണമെന്നാണ് എനിക്ക് ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിനുള്ള അനുമതി നിഷേധിക്കുകയാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാന്യനായ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വികസനത്തെ സംബന്ധിച്ച് പറഞ്ഞു. നാഷണൽ ഹൈവേയുടെ വികസനം 45 മീറ്റർ ആക്കണമെന്നുള്ള അഭിപ്രായം സർവ്വകക്ഷി യോഗത്തിൽ ഒരുമിച്ചെടുത്ത അഭിപ്രായമാണ്. അന്ന് അതിന് ഞാനും മുൻകയ്യെടുത്ത ഒരാളാണ്. ഞാനും മുഖ്യമന്ത്രിയും (അന്ന് അദ്ദേഹം പാർട്ടി സെക്രട്ടറി ആയിരുന്നു) ആ യോഗത്തിൽ പങ്കെടുത്തപ്പോൾ 30 മീറ്റർ തീരുമാനിച്ച് വി. എസ്. ഗവൺമെന്റ് മുന്നോട്ടുപോയപ്പോഴാണ് നമ്മൾ തമ്മിൽ സംസാരമുണ്ടാകുന്നത്. 45 മീറ്റർ വേണമെന്ന് പൊതുവായ ധാരണ ഉണ്ടാക്കിയശേഷം സർവ്വകക്ഷി യോഗം വിളിക്കുകയായിരുന്നു. ആ സർവ്വകക്ഷി യോഗത്തിൽ എൽ.ഡി.എഫ്. യു.ഡി.എഫ്. കക്ഷികൾ ഒരേ

നിലപാട് സ്വീകരിക്കാൻ ഞങ്ങൾ മുൻകയ്യെടുത്തതാണ്. ഞങ്ങളാരും വികസന പ്രവർത്തനത്തിന് എതിരല്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എത്രയോ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിന്നവരാണ് ഈ ഗിരിപ്രസംഗം നടത്തുന്നതെന്ന് നമ്മൾ മറക്കേണ്ട കാര്യമല്ല. ഏതായാലും മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുമൊക്കെ വികസനത്തിന്റെ പേരിൽ ഇത്രയും വാചാലമായി സംസാരിക്കുമ്പോൾ ഞാൻ പഴയ കാര്യങ്ങൾ ഓർത്തുപോകുകയായിരുന്നു. സമയച്ചുരുക്കംമൂലം ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

കേരളത്തിൽ നാഷണൽ ഹൈവേ 45 മീറ്റർ വേണമെന്നുള്ള അഭിപ്രായത്തിൽ ഞങ്ങളുടെ പാർട്ടി ഉറച്ച് നിൽക്കുകയാണെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. 60 മീറ്റർ എന്നുപറഞ്ഞപ്പോൾ കേരളത്തിൽ ജനസാന്ദ്രത കൂടുതലായതുകൊണ്ട് 60 മീറ്റർ പ്രായോഗികമല്ല; കേരളവും ഗോവയുമാണ് ഇക്കാര്യത്തിൽ വ്യത്യസ്ത അഭിപ്രായം പറഞ്ഞത്. അന്ന് നമ്മളെടുത്ത തീരുമാനത്തിൽ തന്നെയാണ് ഇപ്പോഴും നിൽക്കുന്നത്. ഇവിടത്തെ പ്രശ്നം എന്താണ്; ഒരു കാര്യം നമ്മൾ മനസ്സിലാക്കണം. ഈ ഗവൺമെന്റിന് സമരങ്ങളോടുള്ള സമീപനം വളരെ വ്യക്തമാണ്. സമരങ്ങളോട്

ഇത്രയും അസഹിഷ്ണുത ഈ ഗവൺമെന്റ് എന്തിനാണ് കാണിക്കുന്നത്? ഇവിടെ ഗെയ്‌ലിന്റെ പ്രശ്നമുണ്ടായത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാം. വ്യവസായ വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല. അവിടെ ഉണ്ടായ പ്രശ്നം പരിഹരിക്കാൻ പ്രതിപക്ഷ നേതാവെന്ന നിലയിൽ ഞാനും ഇടപെട്ടതാണ്. ശ്രീ. എ. സി. മൊയ്തീൻ മലപ്പുറത്ത് വിളിച്ചുകൂട്ടിയ യോഗത്തിൽ കാര്യങ്ങൾ രമ്യമായി പരിഹരിക്കാനുള്ള നടപടിയാണ് ഞങ്ങൾ സ്വീകരിച്ചത്. 'എരിതീയിൽ എണ്ണ ഒഴിക്കാനല്ല' മുന്നോട്ടുവന്നത്. ഉത്തരവാദപ്പെട്ട ഒരു പ്രസ്ഥാനവും പ്രതിപക്ഷവുമെന്നുള്ള നിലയിൽ ഞങ്ങൾ അവിടെ യാഥാർത്ഥ്യബോധത്തോടെയും പക്വതയോടെയുമുള്ള സമീപനമാണ്; കോൺഗ്രസ് മാത്രമല്ല, മുസ്ലീം ലീഗ് ഉൾപ്പെടെ യു.ഡി.എഫ്. ഒറ്റക്കെട്ടായി സ്വീകരിച്ചത്. അവിടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ഡോ. എം. കെ. മുനീർ എന്നിവരടക്കം ഞങ്ങൾ സ്വീകരിച്ചത് 'എരിതീയിൽ എണ്ണ ഒഴിക്കുന്ന' സമീപനമായിരുന്നില്ല. നാട്ടിൽ വികസനം വേണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പക്ഷെ, ആ വികസനത്തിനുവേണ്ടി നിങ്ങൾ സ്വീകരിക്കുന്ന സമീപനവും ഞങ്ങൾ സ്വീകരിക്കുന്ന സമീപനവും വ്യത്യസ്തമാണ്. പോലീസിനെ ഉപയോഗിച്ച് ലാത്തിയും തോക്കും ഉപയോഗിച്ചുകൊണ്ട് ഇത്തരം സമരങ്ങളെ നേരിടുന്ന നിങ്ങളുടെ ശൈലിയാണ് ഇവിടത്തെ അപകടകരമായ കാര്യം. അതാണ്

ഇവിടെ ബഹുമാന്യനായ അംഗം ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചത്. സിങ്കൂരിലുണ്ടായ കാര്യം പറഞ്ഞു. ഞാനും ബഹുമാന്യനായ ഉമ്മൻ ചാണ്ടിയുംകൂടി സിങ്കൂരിൽ പോയി അവിടത്തെ ജനങ്ങളെ കണ്ടതാണ്. ജനങ്ങൾ അനുഭവിച്ച ബുദ്ധിമുട്ടുകൾ ഞങ്ങൾ നേരിൽ കണ്ടതാണ്. അവിടെയുണ്ടായ വെടിവയ്പ്പുമൂലം പാവപ്പെട്ട ജനങ്ങളുടെയും ടാറ്റയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കപ്പെട്ട ആളുകളുടെയും പ്രശ്നങ്ങൾ നേരിട്ട് കണ്ടതാണ്. അവിടത്തെ ഗവൺമെന്റ് സ്വീകരിച്ച സമീപനത്തെയാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്താണ്? ഇവിടെയാരും വികസനത്തിന് എതിരായ നിലപാട് സ്വീകരിച്ചില്ലല്ലോ. പക്ഷെ, വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായാൽ ആ അഭിപ്രായങ്ങളെ ചവിട്ടിമെതിക്കുന്ന നിലപാട് സ്വീകരിക്കുന്ന സമീപനം ശരിയല്ല. അതാണ് എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത്. പൊതുസമീപനത്തെക്കുറിച്ച് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ആ പൊതുസമീപനത്തോട് ഇവിടെ ആർക്കാണ് എതിർപ്പുള്ളത്; നാടിന്റെ വികസനത്തിന് ആർക്കാണ് എതിർപ്പുള്ളത്? പക്ഷെ ആരെങ്കിലും ഒരു വ്യത്യസ്ത അഭിപ്രായം പറഞ്ഞാൽ, സമരം ചെയ്താൽ അവരുമായി ചർച്ചചെയ്ത് ആ പ്രശ്നം പരിഹരിക്കുന്നതിനുപകരം അവരെ പോലീസിനെ ഉപയോഗിച്ചുകൊണ്ട് നേരിടാനാണ് നിങ്ങളുടെ ശ്രമമെങ്കിൽ ആ ശ്രമത്തെ എന്ത് വില കൊടുത്തും ഞങ്ങൾ

എതിർക്കും എന്നുപറയാൻ ഞാനാഗ്രഹിക്കുകയാണ്. 'നിങ്ങൾ എന്നും പ്രതിപക്ഷത്തിരുന്നോളൂ, ഞങ്ങൾ ഭരിക്കുമെന്ന്' ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞു; 'മി. സുധാകരൻ, ഭരണത്തിന് ഇത്രമാത്രം ആസ്വാദ്യത ഉണ്ടെന്ന് എനിക്ക് ഇപ്പോഴാണ് മനസ്സിലായത്. അങ്ങ് ഇത് ആസ്വദിക്കുന്നുണ്ടെന്ന് എനിക്ക് ഇപ്പോൾ മനസ്സിലായി'. ജനാധിപത്യത്തിൽ പ്രതിപക്ഷത്തും ഭരണപക്ഷത്തും വരുന്നത് സ്വഭാവികമാണ്. അത് ജനങ്ങൾ തീരുമാനിക്കട്ടെ. ഏതായാലും..

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഭരിക്കണമെന്ന് പറയുന്നത് ആസ്വാദനം കൊണ്ടാണോ; രാഷ്ട്രീയ ഉദ്ദേശ്യമല്ലേ? അധികാരത്തിൽ വരേണ്ടത് ഓരോരുത്തരുടെയും കടമയല്ലേ? എന്തിനാണ് ആസ്വദിക്കുന്നുവെന്ന് പറയുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങുംകൂടി കേരളത്തിന്റെ ചരിത്രം പഠിക്കണം. ഒരു പാർട്ടിയും സ്ഥിരമായി കേരളത്തിൽ ഭരിക്കില്ലെന്ന് അങ്ങേയ്ക്കും അറിയാമല്ലോ. അതുകൊണ്ട് നിങ്ങൾ എന്നും പ്രതിപക്ഷത്തിരുന്നോളൂ ഞങ്ങൾ ഭരിച്ചോളാം എന്നുപറയുന്നത് കേരള ജനതയോടുള്ള വെല്ലുവിളിയാണ്. അത് വേണ്ടായിരുന്നു. ശ്രീ. ജി. സുധാകരനിൽനിന്ന് ഞാനത് പ്രതീക്ഷിച്ചില്ല.

ഏതായാലും "അന്യന്റെ ശബ്ദം സംഗീതം പോലെ ആസ്വദിക്കണമെന്നാണ് കമ്മ്യൂണിസ്റ്റുകാർ പറയാറുള്ളത്. പക്ഷെ ഇവിടെ 'സ്വന്തക്കാരുടെ നിലവിളി സംഗീതം പോലെ ആസ്വദിക്കുന്ന' നിലപാടാണ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിക്കുന്നത്. പാവങ്ങളെയും സാധാരണക്കാരെയും എന്തിനാണ് നിങ്ങൾ ഇങ്ങനെ ചവിട്ടിയരയ്ക്കാൻ നോക്കുന്നത്? കീഴാറ്റൂരിലെ ജനങ്ങൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യുന്നു. ഇവിടെ ശ്രീ. ജെയിംസ് മാത്യു പറഞ്ഞപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. ഒരു പാർലമെന്ററി ഡെലിഗേഷനുമായി ബന്ധപ്പെട്ട് ഒരിക്കൽ അമേരിക്കയിലേയ്ക്ക് പോകാൻ എനിക്ക് അവസരമുണ്ടായി. അവിടെ വൈറ്റ് ഹൗസിന്റെ മുമ്പിൽ ഒരു ചെറിയ കുര കെട്ടി ഒരു പാവം സ്ത്രീ സമരം ചെയ്യുകയാണ്. ഞാൻ അത്ഭുതപ്പെട്ടുപോയി, സാമ്രാജ്യത്വ രാജ്യമായ അമേരിക്കയിൽ വൈറ്റ് ഹൗസിന്റെ മുമ്പിൽ കുര കെട്ടാൻ ആരും അനുമതി നൽകിയിട്ടല്ല ശ്രീ. ജെയിംസ് മാത്യൂ, ആ പാവപ്പെട്ട സ്ത്രീ വൈറ്റ് ഹൗസിന്റെ മുമ്പിൽ സമരം നടത്തിയത്. എ. കെ. ഗോപാലൻ സമരം നടത്തിയത് ആരുടെയും അനുവാദം ചോദിച്ചിട്ടായിരുന്നില്ല. ഈ നാട്ടിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സമരം നടത്തുന്നതും സമരത്തിന്റെ ഷെഡ് കെട്ടുന്നതും ആരുടെയെങ്കിലും അനുവാദം ചോദിച്ചിട്ടായിരുന്നോ എന്നുള്ളത് ചരിത്രത്തിലേയ്ക്ക് തിരിഞ്ഞ് അങ്ങ് നോക്കണം.

ശ്രീ. ജെയിംസ് മാത്യു: സർ, സി.പി.ഐ(എം).-ന്റെ സ്ഥലത്തോ സി.പി.ഐ(എം)-ന്റെ അനുവാദം വാങ്ങാത്തതുകൊണ്ടാണെന്നോ ആരും പറഞ്ഞില്ല. ഞാൻ പറഞ്ഞത്, വേട്ടയ്ക്കൊരു മകൻ ക്ഷേത്രത്തിന്റെ പരിസരത്താണ് ഈ സമരപ്പന്തലുണ്ടായത്. അതിൽ സി.പി.ഐ(എം)-മായി ഒരു തർക്കവുമില്ല. ക്ഷേത്രത്തിന്റെ ഭൂമിയിലാണ് പന്തൽ കെട്ടിയത്. ആ അമ്പല കമ്മിറ്റിയുടെ പ്രസിഡന്റ് അത് പൊളിച്ചുകളയണം എന്ന് പോലീസിൽ പരാതി കൊടുത്തു. അതാണ് ഞാൻ വായിച്ചത്. സി.പി.ഐ(എം)-ന്റെ പ്രശ്നമല്ല അത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. ജെയിംസ് മാത്യു പറഞ്ഞത് തെറ്റാണ്. വേട്ടയ്ക്കൊരു മകൻ ക്ഷേത്രത്തിന് ഈ വയലിൽനിന്നുള്ള വരുമാനം എടുക്കാം. പക്ഷെ, ഭൂമി ബാവുക്കാട് രാമൻ നമ്പ്യാർ, നാരായണൻ, ഗോവിന്ദൻ, പത്മിനി, ജാനകി എന്നിവരുടെ പേരിലാണ്. ഭൂവുടമകളായ നാരായണൻ, ഗോവിന്ദൻ എന്നിവർ ഈ സമരക്കാരോടൊപ്പമാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, അങ്ങ് പറയുന്നത് ശരിയല്ല. അത് ഊരാളന്മാരാണ്. ഊരാളന്മാർക്ക് സ്വന്തമായി ഈ പറമ്പ് എടുത്തുകൊണ്ടുപോകാൻ പറ്റില്ല. അത് ക്ഷേത്ര വകയാണ്. ഊരാളന്മാരിൽ ബാവുക്കാട് കുടുംബം മാത്രമല്ല, മറ്റ് കുടുംബങ്ങളുമുണ്ട്. അങ്ങ് കൃത്യമായി അന്വേഷിക്കു. എനിക്ക്

അറിയാവുന്നതുകൊണ്ട് പറയുന്നതാണ്. ഈ ഒരു കുടുംബത്തിന്റെ സ്വകാര്യ സ്വത്തായി അവർക്ക് വച്ച് അനുഭവിക്കാൻ പറ്റില്ല. അങ്ങ് പറഞ്ഞത് ശരിയാണ്, അവിടത്തെ ഉഭയങ്ങൾ എടുക്കാനുള്ള അവകാശം അവർക്കുണ്ട്. കാരണം, അവർ ഊരാളന്മാരാണ്. എന്നാൽ ക്ഷേത്ര ഭരണം നടത്തുന്നത് ക്ഷേത്ര കമ്മിറ്റിയാണ്. ആ ക്ഷേത്ര കമ്മിറ്റി പ്രസിഡന്റാണ് മേലിൽ ഇവിടെ പന്തൽ കെട്ടരുതെന്നു പറഞ്ഞ് പോലീസിൽ പരാതിപ്പെട്ടത്. ഇതാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ക്ഷേത്ര കമ്മിറ്റിക്ക് പരാതിയുണ്ടെങ്കിൽ ആ പരാതി പോലീസ് സ്റ്റേഷനിലാണ് കൊടുക്കേണ്ടത്. പോലീസാണ് നടപടി സ്വീകരിക്കേണ്ടത്. അതിനുപകരം സി.പി.ഐ(എം) പ്രവർത്തകരാണ് ആ ഓഫീസ് കത്തിച്ചത്. സി.പി.ഐ(എം) എന്നുമുതലാണ് പോലീസായത്?

<u>ശ്രീ. ജെയിംസ് മാത്യു</u>: അവർ പോലീസിൽ കൊടുത്ത പരാതിയാണ് ഞാൻ ഇവിടെ വായിച്ചത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീ. ജെയിംസ് മാത്യു പറഞ്ഞതുകൊണ്ട് ഞാൻ പറഞ്ഞതാണ്. ഈ സമരത്തിൽ പങ്കെടുക്കുന്ന നാരായണൻ, ഗോവിന്ദൻ എന്നിവർ ഈ ഭൂവുടമകൾ തന്നെയാണ്. അവരും ഈ സമരത്തിൽ പങ്കെടുക്കുകയാണ്. ഭൂവുടമകളോട് ചോദിച്ച് അവരുടെ അനുവാദത്തോടുകൂടി മാത്രമേ

സമരപ്പന്തൽ കെട്ടുകയുള്ളൂ എന്ന പുതിയ നിലപാട് നിങ്ങൾക്കുണ്ടെന്ന് ഇപ്പോഴാണ് എനിക്ക് മനസ്സിലായത്. ഏതെങ്കിലും കാലത്ത് ഭൂവുടമകളുടെ അനുവാദം വാങ്ങിയിട്ട് തൊഴിലാളികൾക്കോ കർഷകർക്കോ സമരം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; അത് ശരിയായ നടപടിയല്ല. ഇവിടെ സംഭവിച്ചതെന്താണ്? കീഴാറ്റൂരിൽ സ്വന്തം മണ്ണിനുവേണ്ടി ചെറുത്തുനിൽപ്പ് നടത്തുന്ന ആളുകളെ ചവിട്ടി അരയ്ക്കുകയും അവരെല്ലാം കമ്മ്യൂണിസ്റ്റുകാരാണ്, ഞങ്ങൾക്ക് ആരെയെങ്കിലും കിട്ടുമോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഞങ്ങൾക്ക് ആരെയും കിട്ടേണ്ട, ഞങ്ങൾ ആരും അവരുടെ പിന്നാലെ പോയിട്ടുമില്ല. അവരെ ആരെയും പാർട്ടിയിൽ ചേർക്കാനുദ്ദേശിച്ച് ഈ കാര്യങ്ങൾ ഇവിടെ പറയുന്നതല്ല. നിങ്ങൾ വസ്തുതകൾ മനസ്സിലാക്കണം. നിങ്ങൾ സ്വന്തക്കാരെ ചവിട്ടി മെതിക്കുന്നത് ഇപ്പോൾ മാത്രമല്ലല്ലോ. ടി. പി. ചന്ദ്രശേഖരന്റെ കാര്യവും ജിഷ്ണു പ്രണോയിയുടെ അമ്മയുടെ കാര്യവും അറിയില്ലേ? മുക്കത്ത് ഗെയിൽ പൈപ്പ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിങ്ങളെടുത്ത സമീപനം അറിയില്ലേ? അധികാരത്തിൽ വരുമ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി ഫാസിസ്റ്റ് ശൈലി സ്വീകരിക്കുന്നുവെന്നുള്ളതിന്റെ തെളിവാണ് ഇവിടെയുള്ളത്.

ശ്രീ. കെ. സി. ജോസഫ്: സർ, ആറന്മുള വിമാനത്താവളമുണ്ടായ അവസരത്തിൽ ആ നടപടി ഏതാണ്ട് അന്തിമഘട്ടമായപ്പോൾ അവിടെ നെൽ വയൽ നഷ്ടപ്പെടുമെന്ന് പറഞ്ഞ് സമരം ചെയ്ത പാർട്ടിയാണ് ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ പാർട്ടിയും മാർക്സിസ്റ്റ് പാർട്ടിയും. ആ നിലപാട് വികസനത്തിന് അനുകൂലമായിരുന്നോ; അക്കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങ് വാക്കൗട്ട് പ്രസംഗത്തിനിടയിൽ എല്ലാവർക്കും വഴങ്ങിക്കൊടുത്ത് ഡിബേറ്റാക്കി മാറ്റരുത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ എന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചത് അതാണ്. വികസനത്തിന്റെ കാര്യം വരുമ്പോൾ മുൻകാലത്തെടുത്ത നിലപാടുകൾ സി.പി.ഐ.(എം.) മറക്കരുത്. കീഴാറ്റൂരിലെ വയൽക്കിളികളെ അറസ്റ്റ് ചെയ്യുകയും അവരുടെ സമരപ്പന്തൽ കത്തിക്കുകയും ചെയ്ത മാർച്ച് 14-ന്റെ പ്രത്യേകത എന്തായിരുന്നു; അന്ന് കാറൽ മാർക്സിന്റെ ജന്മദിനമായിരുന്നു. അതോടൊപ്പംതന്നെ മറ്റൊരു പ്രത്യേകതയുമുണ്ട്. നന്ദിഗ്രാമിൽ ടാറ്റയുടെ കാർ നിർമ്മാണ ഫാക്ടറിക്കുവേണ്ടി ഫലഭൂയിഷ്ഠമായ കൃഷിഭൂമി ഏറ്റെടുക്കുന്നത് ചെറുത്ത കർഷകരെ വെടിവച്ചുകൊന്നതിന്റെ പതിനൊന്നാമത് വാർഷികമായിരുന്നു. അതാണ് കീഴാറ്റൂരിൽ അന്നത്തെ ദിവസം അരങ്ങേറിയത്. നന്ദിഗ്രാമിൽ നക്സലൈറ്റുകളും

തീവ്രവാദികളുമാണ് ആ സമരത്തിന്റെ പിന്നിലെന്ന് ശ്രീ. പി. ജയരാജൻ പറഞ്ഞു. നക്സലൈറ്റുകളും തീവ്രവാദികളുമാണോ? പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞത് സാമ്രാജ്യത്വ ശക്തികളാണെന്നാണ്. അമേരിക്കൻ സാമ്രാജ്യത്വമാണോ കീഴാറ്റൂരിൽ വന്നത്? എനിക്ക് മനസ്സിലാകുന്നില്ല. അമേരിക്കൻ സാമ്രാജ്യത്വം കീഴാറ്റൂരിൽ വന്ന് ഈ കർഷകരെ പ്രലോഭിപ്പിച്ച് നടത്തുന്ന സമരമാണോ ഇത്? യാഥാർത്ഥ്യങ്ങൾ കാണാതെ പറയുന്ന കാര്യങ്ങളാണ്. എനിക്ക് ചോദിക്കാനുള്ളത്, അവരുമായി ഒരു ചർച്ച എന്തുകൊണ്ട് വീണ്ടും നടത്തിക്കൂടാ; ഇവിടെ ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി ഒരു ചർച്ച നടത്തിയെന്ന് പറഞ്ഞു. ചിലപ്പോൾ ഒന്നും രണ്ടും മൂന്നും തവണ ചർച്ച ചെയ്യേണ്ടതായി വരും. ചിലപ്പോൾ അവർക്ക് തെറ്റിദ്ധാരണകളും ആശങ്കകളുമുണ്ടാകും. ആ പാവപ്പെട്ട ആളുകളെ കാര്യങ്ങൾ ബോധ്യപ്പെടുത്തണ്ടേ? നിങ്ങൾ പറയുന്നതുപോലെ സാമ്രാജ്യത്വ ശക്തികളാണ് ഇതിന്റെ പിന്നിലെന്നുതന്നെ വയ്ക്കുക. അങ്ങനെയാണെങ്കിൽ അവരുടെ സ്വാധീനത്തിൽ ഇവർ പെടാതിരിക്കാൻ നിങ്ങൾക്ക് ഒരു ചർച്ചകൂടി നടത്തിക്കൂടേ? അവരെ വിളിച്ചുകൂടേ? ശരീരത്താകമാനം മണ്ണെണ്ണ ഒഴിച്ച് തീവയ്ക്കാൻ റെഡിയായി നിൽക്കുന്ന ആളുകളെ നമ്മൾ ചാനലിലൂടെ കണ്ടതാണ്. ആ പാവപ്പെട്ട ആളുകളെ ഒന്നുകൂടി വിളിച്ചുകൂട്ടി അവരുമായി ചർച്ച ചെയ്യുന്നതിന് ദുരഭിമാനം എന്തിനാണ്? സി.പി.ഐ(എം)-ന് നിയന്ത്രണമുള്ള ശാസ്ത്ര

സാഹിത്യ പരിഷത്ത് പറയുന്നില്ലേ; ശാസ്ത്ര സാഹിത്യ പരിഷത്തിനെ നിങ്ങൾ അംഗീകരിക്കുന്നില്ല, ഡോ. ടി. എം. തോമസ് ഐസക് മാത്രമേ അംഗീകരിക്കുന്നുള്ളൂ എന്ന് ഇപ്പോൾ എല്ലാവർക്കും അറിയാൻ കഴിയുന്ന കാര്യമാണ്. ശാസ്ത്ര സാഹിത്യ പരിഷത്ത് പറയുന്ന ഓൾട്ടർനേറ്റീവ് പ്രൊപ്പോസൽസ് എന്തുകൊണ്ട് നിങ്ങൾക്ക് പരിശോധിച്ചുകൂടാ; കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടുകൂടാ? മുമ്പ് നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ കണ്ണൂരിൽ കണ്ടൽക്കാടുകൾ വെട്ടി അമ്യൂസ്മെന്റ് പാർക്ക് ഉണ്ടാക്കാൻ മുന്നോട്ടുവന്ന ആളുകളാണ്. നിങ്ങൾ വലിയ പരിസ്ഥിതി പ്രേമമൊന്നും പറയണ്ട. നിങ്ങളുടെ പരിസ്ഥിതി പ്രേമത്തെപ്പറ്റി എല്ലാവർക്കും അറിയുന്നതാണ്. മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീം 'തെങ്ങിന്റെ മണ്ടയിലാണോ വികസനം നടത്തുന്നതെന്ന്' ചോദിച്ചത് ഞാനിവിടെ ആവർത്തിക്കുന്നില്ല. ഇവിടെ രസകരമായൊരു വസ്തുത, കീഴാറ്റൂരുകാർ മാത്രം സമരം നടത്തിയാൽ മതി, സി.പി.ഐ.(എം) അവിടെ ചെക്ക്പോസ്റ്റിട്ടിരിക്കുന്നുവെന്നാണ് പത്രത്തിൽ വന്ന വാർത്ത. അതാണോ നമ്മുടെ പൊതു സമീപനം; ഏതെങ്കിലും സ്ഥലത്തൊരു പ്രശ്നമുണ്ടായാൽ അവിടത്തുകാർ മാത്രം ഇടപെട്ടാൽ മതി പുറത്തുനിന്നും ആരും പോകരുത് എന്നത് എവിടത്തെ നയമാണ്; അത് എന്ത് ജനാധിപത്യമാണ്?

തോട്ടംതൊഴിലാളികളുടെ ലയത്തിലും പാടവരമ്പത്തും പുറത്തുമുള്ള കമ്മ്യൂണിസ്റ്റുകാരാണ് സമരം ചെയ്തത്. പുറത്തുനിന്ന് ആരും അങ്ങോട്ട് വരരുത്, അവിടെ ചെക്ക്പോസ്റ്റിട്ടിരിക്കുന്നു, ആരെയും അങ്ങോട്ട് കടത്തില്ല, ഇവർ തീവ്രവാദികളാണ് എന്ന നിലയിലുള്ള ഇത്തരം പ്രവർത്തനങ്ങൾ ശരിയാണോ; മഹാരാഷ്ട്രയിൽ നടന്ന ലോംഗ് മാർച്ചിൽ പങ്കെടുത്ത ശ്രീ. കെ. കെ. രാകേഷും ഡോ. വിജൂ കൃഷ്ണനും മഹാരാഷ്ട്രയിൽ കൃഷി ചെയ്യുന്നവരാണോ; ശ്രീ. കെ. കെ. രാകേഷിന് പൂനയിൽ കൃഷിയുണ്ടോ; ഡോ. വിജൂ കൃഷ്ണന് അവിടെ ഏതെങ്കിലും തരത്തിലുള്ള കാർഷിക പ്രവർത്തനമുണ്ടോ; നമ്മുടെ നാട്ടിലെ ആദ്യത്തെ സംഭവമാണിതെല്ലാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അവരൊക്കെ അഖിലേന്ത്യാ കിസാൻ സഭയുടെ നേതാക്കൻമാരാണ്.

ശ്രീ. രമേശ് ചെന്നിത്തല: അതെ. അങ്ങത് ശ്രീ. ഇ. പി. ജയരാജനോട് പറഞ്ഞാൽമതി. പുറമെനിന്നുള്ളവർ വിപ്ലവത്തിൽ പങ്കെടുക്കരുതെന്ന് ക്യൂബൻ ജനത സഖാവ് ചെഗ്വേരയോട് പറഞ്ഞിരുന്നോ? 'നിങ്ങൾ ഏത് ദേശക്കാരനായിരുന്നാലും ഏത് ഭാഷക്കാരനായിരുന്നാലും ചൂഷണങ്ങൾക്ക് എതിരായ പോരാട്ടത്തിൽ നമ്മൾ സഖാക്കളായിരിക്കുമെന്ന്' ചെഗ്വേരയുടെ

വചനം ഓർമ്മയില്ലേയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഇവിടെ കീഴാറ്റൂരിലെ ഒരു ജനത സമരം ചെയ്യുമ്പോൾ അത് തെറ്റാകട്ടെ, ശരിയാകട്ടെ, സാമ്രാജ്യ ശക്തികളുടെ പ്രേരണമൂലമാകട്ടെ, മുഖ്യമന്ത്രി അവരെ വിളിച്ച് ചർച്ച ചെയ്ത് ആ പ്രശ്നം പരിഹരിക്കാനുള്ള സമീപനമാണ് സ്വീകരിക്കേണ്ടത്. സമരങ്ങളോടുള്ള നിങ്ങളുടെ ഈ സമീപനം തെറ്റാണ്. ഇത് ഫാസിസമാണ്. സമരങ്ങളോടുള്ള നിങ്ങളുടെ അസഹിഷ്ണുതയാണിത്. ഈ അസഹിഷ്ണുത ഒരിക്കലും ശരിയായ നടപടിയല്ല. ഇത് കേരളീയ സമൂഹത്തോടുതന്നെ ചോദ്യം ചെയ്യുന്നൊരു കാര്യമാണ്. സമൂഹം ഇത് ആഗ്രഹിക്കുന്നില്ല. സമരം ചെയ്യുന്നത് ആരായാലും അവരെ വിളിച്ച് ചർച്ച ചെയ്ത് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പകരം തോക്കും ലാത്തിയുമുപയോഗിച്ച് അവരെ നേരിടാനാണ് ഭാവമെങ്കിൽ അത് നിങ്ങൾക്കുതന്നെ വിനാശമായിരിക്കുമെന്ന് ഞാൻ സൂചിപ്പിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ റിപ്പോർട്ട് പ്രകാരം '29 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതിൽ 21 ഹെക്ടർ ഭൂമിയും വയലുകളും തണ്ണീർത്തടവുമാണ്. പൂവോട് കീഴാറ്റൂർ പ്രദേശങ്ങളിൽ വയൽ പൂർണ്ണമായും ഇല്ലാതാകും. വയലിന് ചുറ്റുമുള്ള മൂന്ന് കുന്നുകളിൽനിന്ന് വെള്ളം വയലിലേയ്ക്കാണ് ഒഴുകുന്നത്. ബൈപ്പാസ് പൂർത്തിയാകുമ്പോൾ സമീപത്തെ കരപ്രദേശങ്ങൾ വെള്ളക്കെട്ടിലാകാൻ സാധ്യതയുണ്ട്. താഴ്ന്ന് കിടക്കുന്ന വയലിലൂടെ റോഡ് പണിയാൻ മൂന്നര മീറ്ററെങ്കിലും മണ്ണിട്ട് ഉയർത്തേണ്ടിവരും. ആറ് കിലോമീറ്റർ ബൈപ്പാസിൽ നാലര കിലോമീറ്റർ മണ്ണിടേണ്ടി വരും. 45 മീറ്റർ വീതിയിലാണ് റോഡ് നിർമ്മിക്കുന്നത്. അപ്പോൾ പാടം നികത്താൻ 1,30,000 ലോഡ് മണ്ണ് വേണ്ടിവരും. അതിനുവേണ്ടി സമീപത്തെ കുന്നുകൾ മുഴുവൻ ഇടിച്ചിടേണ്ടിവരും' എന്ന് റിപ്പോർട്ട് കൊടുത്തത് കേരള ശാസ്ത്ര സാഹിത്യ പരിഷത്താണ്. അവർ അതിനുവേണ്ടി ആൾട്ടർനേറ്റീവ് അലൈൻമെന്റിനെക്കുറിച്ച് പറയുന്നുണ്ട്. ഇത്തരം വികസനത്തിന് കാർഷിക മേഖലയെ തകർക്കാതെ ബദലായി വേറെ വഴിയുണ്ടെന്ന് പറയുമ്പോൾ അതിനെക്കുറിച്ച് ആലോചിക്കുന്നതിന് എന്തുകൊണ്ട് തയ്യാറാകുന്നില്ല? അങ്ങനെ കേരളത്തിനൊരു ആഗ്രഹമുണ്ടെങ്കിൽ കേന്ദ്രം ആ അലൈൻമെന്റിന് എതിരായിനിൽക്കുമെന്ന് ഞാൻ

വിശ്വസിക്കുന്നില്ല. കാരണം, നമുക്ക് അതിന് ബദലായി ഒന്ന് പറഞ്ഞുകൊടുക്കാൻ സാധിക്കണം. ഇവിടെ നാല് കുടുംബങ്ങൾ മാത്രമാണെന്നാണ് അങ്ങ് പറയുന്നത്. നാല് കുടുംബങ്ങളുടെ കാര്യം പറയാനാണോ നൂറുപേർ അവിടെവന്ന് സമരം ചെയ്യുന്നത്. ആ സമരത്തെ അടിച്ചൊതുക്കുന്നതിനുവേണ്ടി പോലീസിനെ ഉപയോഗിക്കുന്നു. മാത്രമല്ല, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകരാണ് അവിടെ അലൈൻമെന്റ് സർവ്വെ എടുക്കുന്നതിന് ഉദ്യോഗസ്ഥരുടെകൂടെ നിൽക്കുന്നത്. ഇവർ എപ്പോഴാണ് ഉദ്യോഗസ്ഥരായത്? ധാർഷ്ട്യം ഉപയോഗിച്ച് ഇത്തരത്തിലുള്ള സമരങ്ങളെ അടിച്ചമർത്തിയിട്ടാണെങ്കിലും ഞങ്ങളിതുകൊണ്ടുവരും എന്ന നിലപാടെടുത്ത നന്ദിഗ്രാമിൽ അതിന്റെ അനുഭവം മാർക്സിസ്റ്റ് പാർട്ടിക്കുണ്ടായി. അതിനുശേഷം ഇതുവരെ മാർക്സിസ്റ്റ് പാർട്ടിക്ക് പശ്ചിമ ബംഗാളിൽ തിരിച്ചുവരാൻ സാധിച്ചിട്ടില്ല. പ്രാദേശിക തെരഞ്ഞെടുപ്പിൽപോലും ഇപ്പോഴും അവർക്ക് സീറ്റ് കിട്ടാത്തതിന്റെ കാരണം പരിശോധിക്കണം. അതുകൊണ്ട് ഭാവിയിൽ നിങ്ങൾക്കുണ്ടാകാൻ പോകുന്ന ഗതികേടിനെക്കുറിച്ച് നിങ്ങളോർക്കണം. ഞങ്ങൾ അന്ന് നന്ദിഗ്രാമിൽ പോയതാണ്. അന്നവിടെ ഒരു ചുവന്ന കൊടി കുത്തിയിട്ട് അതിന്റെ താഴെ ആ പ്രദേശത്തെ ഗ്രാമീണർ ഇരുന്നു

പറയുന്നു, ' ഞങ്ങളാണ് യഥാർത്ഥ കമ്മ്യൂണിസ്റ്റുകൾ, ഞങ്ങളെ തകർത്തുകൊണ്ട് ആരെങ്കിലും ഇവിടത്തെ ഭൂമിയെടുക്കുന്നുണ്ടെങ്കിൽ അവർ അനുഭവിക്കും' എന്ന്. അതുപോലെ ഒരു കൊടികുത്തി അതിന്റെ താഴെയിരുന്ന് കമലാക്ഷി എന്നൊരു കമ്മ്യൂണിസ്റ്റുകാരി പറയുന്നു, 'ഞാനാണ് യഥാർത്ഥ കമ്മ്യൂണിസ്റ്റ്, നിങ്ങളൊക്കെ വോട്ടിനുവേണ്ടി കമ്മ്യൂണിസ്റ്റാകുന്നവരാണ് എന്ന്. അങ്ങനെ പറയുന്ന രീതിയിലേയ്ക്ക് സഖാക്കൾ മാറിയിരിക്കുന്നു. മഹാരാഷ്ട്രയിൽ കർഷകർക്കുവേണ്ടി സമരം ചെയ്തപ്പോൾ, ഇവിടെ കർഷകരെ അടിച്ചമർത്തുന്നതിന് ശ്രമിക്കുന്നു. പോലീസ് മർദ്ദനോപാധിയാണെന്നാണ് എപ്പോഴും കമ്മ്യൂണിസ്റ്റുകാർ പറയാറുള്ളത്. പക്ഷെ നിങ്ങൾ അധികാരത്തിൽ വരുമ്പോൾ അതേ പോലീസിനെ മർദ്ദനോപാധിയായി ഉപയോഗിക്കുന്നു എന്നതിനേറ്റവും വലിയ തെളിവാണ് കീഴാറ്റൂരിൽ സംഭവിച്ചിരിക്കുന്നത്. ഞാനൊരു എക്സ്പ്രസ് വേ ഉണ്ടാക്കാൻ നോക്കിയപ്പോൾ അന്ന് സർവ്വെ എടുക്കാൻ പോയ ആളുകളെ നിങ്ങൾ വളഞ്ഞുവച്ച് ബന്ദികളാക്കി. ഇന്ന് അതേ നിങ്ങൾതന്നെ പറയുന്നു സർവ്വെയെടുക്കാൻ വരുന്നവരുടെകൂടെ കമ്മ്യൂണിസ്റ്റുകാരുണ്ടാകും, അവിടെയുള്ള ജനങ്ങളെയാണ് ഞങ്ങൾ ബന്ദികളാക്കാൻ പോകുന്നതെന്ന്. ഈ ഇരട്ട നിലപാട് സ്വീകരിക്കുന്ന നിങ്ങൾക്കുണ്ടാകാൻ പോകുന്ന ഭവിഷ്യത്ത് വളരെ

വലുതാണ്. കാർഷികമേഖലയിൽ തകർച്ചയുണ്ടാകരുതെന്ന ഉദ്ദേശ്യത്തിൽ ഞാൻ അന്ന് നിങ്ങൾ പറഞ്ഞ വാക്കുകൾ സ്വീകരിച്ച് അതിൽ നിന്ന് പിന്നോട്ട് പോകാൻ തയ്യാറായിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് ആ പ്രദേശത്തെ ജനങ്ങളുടെ വികാരത്തെ മാനിച്ചുകൊണ്ട് നിങ്ങൾക്ക് ബദലായി ചിന്തിച്ചുകൂടാ? അവിടത്തെ ജനങ്ങൾ എങ്ങനെ എതിർത്താലും യാതൊരു പ്രശ്നവുമില്ലായെന്ന രീതിയിൽ അതിന്റെ മുകളിലൂടെ ബുൾഡോസ് ചെയ്തുകൊണ്ട് ഞങ്ങൾ ഈ പദ്ധതി കൊണ്ടുവന്നിരിക്കുമെന്ന് പറയുന്ന ധാർഷ്ട്യത്തിന് ഒരിക്കലും ജനങ്ങൾ മാപ്പ് നൽകില്ല. ഇത് ചർച്ചചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, ബോംബെയിലെ കർഷക സമരത്തിൽ നിങ്ങൾ നൽകിയ പങ്കാളിത്തം ഈ വേദിയിൽ ഞാൻ പരസ്യമായി പ്രശംസിച്ചതാണ്. പക്ഷെ, കീഴാറ്റൂരിൽ നിങ്ങളെടുത്ത നടപടി ഒട്ടും പ്രശംസനീയമല്ല. അത് മനസ്സാക്ഷിയനുസരിച്ച് നിങ്ങൾ പരിശോധിക്കണം. അത് തികച്ചും തെറ്റാണ്. സമരം ചെയ്യുന്നവരുടെ സമരപന്തൽ തീവച്ച്

കത്തിക്കുകയെന്നു പറഞ്ഞാൽ എത്ര കിരാതമായ നയമാണ്. അങ്ങനെ തീവച്ച് നശിപ്പിച്ചും പോലീസിനെ ഉപയോഗിച്ചും കർഷക സമരത്തെ അടിച്ചമർത്തി മുന്നോട്ടുപോകാമെന്നാണോ നിങ്ങൾ കരുതുന്നത്. അതൊരിക്കലും ശരിയല്ല. ഞങ്ങൾക്ക് അതുമായി കൂട്ടുനിൽക്കാനൊക്കില്ല. അതുകൊണ്ട് നിങ്ങൾ കീഴാറ്റൂരിനോട് ചെയ്തത് തിരുത്തണം. അവിടെ ചെയ്തത് ശരിയായില്ല, അത് ഗവൺമെന്റിന്റെ നയമല്ല എന്ന് പരസ്യമായി പറഞ്ഞ് ഒരിക്കൽകൂടി അവിടത്തെ കൃഷിക്കാരെയൊക്കെ വിളിച്ചുകൂട്ടി സമാധാനപരമായി ഈ പ്രശ്നം തീർക്കണം. ഒരിക്കൽകൂടി അവിടത്തെ കൃഷിക്കാരെയൊക്കെ വിളിച്ചുകൂട്ടി സംസാരിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഇവിടെ നിരവധി പ്രാവശ്യം ഈ കൃഷിക്കാരെ വിളിച്ചുചേർത്തു. അവർക്കൊക്കെ ഈ കാര്യം ബോധ്യമുണ്ട്. ഇത് പുറത്തുനിന്ന് വന്നിട്ടുള്ള ചില മാവോയിസ്റ്റുകൾ ഈ കൃഷിക്കാരെ മിസ്ഗൈഡ് ചെയ്തതാണ്. ഇതിൽ ആർക്കും ഇപ്പോൾ തർക്കമില്ല. ഇവിടെ പറഞ്ഞ അഞ്ചുപേരും ഇപ്പോൾ ഏതാണ്ട് മാറിക്കഴിഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ അവിടെയൊരു പ്രശ്നവുമില്ല. വിഷയദാരിദ്ര്യം കൊണ്ട് ഇവിടെയൊരു അടിയന്തരപ്രമേയം അവതരിപ്പിച്ചതാണ്.

ശ്രീ. കെ. എം. മാണി: സർ, ശ്രീ. ഇ. പി. ജയരാജനെപ്പോലെ ഒരാൾ ഇങ്ങനെ പറയരുത്. അങ്ങ് എത്രയോ സമരം നയിച്ചിട്ടുള്ളതാണ്. അങ്ങ് ഈ നിലപാടെടുത്തത് ഒരിക്കലും ശരിയല്ല. കൃഷിക്കാരെ ഗവൺമെന്റ് മൂന്നോ നാലോ പ്രാവശ്യം വിളിച്ചെന്നുകരുതി ഒരിക്കൽക്കൂടി വിളിക്കാൻ പാടില്ലെന്നുണ്ടോ; ഇതിനൊരു ലിമിറ്റേഷനുണ്ടോ? നാലുപ്രാവശ്യം വിളിച്ചിട്ടും പരിഹാരം കാണാൻ കഴിഞ്ഞില്ലെങ്കിൽ അഞ്ചാമതൊരു പ്രാവശ്യംകൂടി വിളിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അങ്ങ് കൃഷിക്കാർക്കുവേണ്ടിയാണ് ഏറ്റവും കൂടുതൽ വാദിക്കുന്നതെന്ന കാര്യത്തിൽ സംശയമില്ല. അവിടത്തെ 56 കൃഷിക്കാരും ഇതിനോട് അനുകൂലമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. അതിനാൽ വീണ്ടും അവരുടെ യോഗം വിളിച്ചുചേർക്കേണ്ട ആവശ്യമില്ല. മറ്റൊന്ന്, ഈ ദേശീയപാത വേണമോ വേണ്ടയോ എന്നുള്ളതാണ് പ്രശ്നം. 30 മീറ്റർ വീതിയേ പറ്റൂവെന്ന് സമരസമിതി നേതാവ് പ്രഖ്യാപിച്ചിരിക്കുകയാണ്. 30 മീറ്റർ പോരല്ലോ 45 മീറ്റർ വീതി വേണ്ടേ. ഇതിനുപകരം വേറൊരു സ്ഥലം അവർ കാണിച്ചുതരുന്നില്ല. മൂന്ന് എൻക്വയറി നടത്തിയതിൽ ഏറ്റവും കുറവ് ഡാമേജ്

വരത്തക്ക രീതിയിലാണ് സ്ഥലം ഏറ്റെടുത്തിട്ടുള്ളതെന്ന് ഞാനിവിടെ പറഞ്ഞു. യഥാർത്ഥത്തിൽ കൃഷിക്കാരുടെ പ്രശ്നം അവിടെ ഇൻവോൾവ്ഡല്ല. ആണെങ്കിൽ ഞങ്ങൾ അതിനെതിരായി നിൽക്കുകയില്ലല്ലോ.

ശ്രീ. കെ. എം. മാണി: ബഹു. മന്ത്രി, ഞാൻ നിഷേധാത്മകമായ നിലപാട് സ്വീകരിച്ചില്ലല്ലോ. ഒന്നുകൂടി സംസാരിച്ച് അവിടെ സമാധാനപരമായ അന്തരീക്ഷമുണ്ടാക്കണമെന്നേ ഞാൻ പറഞ്ഞുള്ളൂ. രമ്യമായി ഇത് പരിഹരിക്കാനാകുമെങ്കിൽ പരിഹരിക്കുക, വേണ്ടെങ്കിൽ ഇഷ്ടംപോലെ ചെയ്തോ. ഈ വിഷയം രമ്യമായി പരിഹരിക്കണമെന്നതാണ് എന്റെ അഭിപ്രായം. ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാടിനോട് യോജിക്കാൻ സാധിക്കാത്തതിനാൽ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്നും പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, നാട്ടിലെ വാഹനപ്പെരുപ്പത്തിന് അനുസൃതമായി റോഡും ബൈപ്പാസുമെല്ലാം വേണം. അതിനൊന്നും ഞങ്ങൾ എതിരല്ല. വികസനത്തിന്റെ പ്രധാനപ്പെട്ട ഘടകമാണ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്. ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ച സമീപനത്തെയാണ്

ഞങ്ങൾ എതിർക്കുന്നത്. സമവായത്തിലൂടെ പ്രശ്നം പരിഹരിക്കുന്നതിന് പകരം ധാർഷ്ട്യം കാണിച്ച് ഭരണകൂടത്തിന്റെ സംവിധാനങ്ങളുപയോഗിച്ചുകൊണ്ട് ജനങ്ങളെ അടിച്ചമർത്തുന്നത് ശരിയായ നിലപാടല്ല. ഇവിടെ ശ്രീ. ജെയിംസ് മാത്യു പന്തൽ കത്തിച്ചതിനെ ന്യായീകരിക്കുന്നതുകണ്ടു. അതിനെയൊന്നും ന്യായീകരിക്കാൻ പാടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട പ്രതിപക്ഷ നേതാവും മാണിസാറും പറഞ്ഞത് ഒന്നുതന്നെയാണ്. ഈ വിഷയത്തിൽ ചർച്ച നടത്തിയതിനാൽ വീണ്ടും ചർച്ച നടത്താൻ പാടില്ലെന്നുണ്ടോ? അവരെ വിളിച്ച് ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. ഒരു സമവായത്തിലൂടെ ഈ വിഷയത്തിന് പരിഹാരം കാണാൻ സാധിക്കുമോയെന്ന് പരിശോധിക്കേണ്ടതാണ്. ഇതിന് തയ്യാറാകാത്ത ഗവൺമെന്റ് നിലപാട് പ്രതിഷേധാർഹമാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ശ്രീ. അനൂപ് ജേക്കബ് സഭയിൽ നിന്നും പുറത്തുപോയി.)

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഞാൻ ഓർക്കുകയാണ്, എന്റെ നിയോജക മണ്ഡലമായ നേമത്ത് ദേശീയപാത നിർമ്മിക്കാനുള്ള ചർച്ച നടക്കുന്ന അവസരത്തിൽ കുറേ വിവാദങ്ങളുണ്ടായി. തർക്കം നടന്ന അവസരത്തിൽ എല്ലാ പാർട്ടിക്കാരുമായി ചേർന്ന് 35 മീറ്റർ വീതി എന്നുള്ള തീരുമാനം അംഗീകരിക്കുകയും അതനുസരിച്ച് സ്ഥലം അളന്ന് നിശ്ചയിക്കാൻവേണ്ടി ഉദ്യോഗസ്ഥരെ അയയ്ക്കുകയും ചെയ്തു. പിറ്റേ ദിവസം ഉദ്യോഗസ്ഥരും മറ്റും സ്ഥലം അളന്ന് നിശ്ചയിക്കാൻ വന്നപ്പോൾ അന്ന് അവിടത്തെ സി.പി.ഐ.(എം.)-ന്റെ എം.എൽ.എ. ഇടപെട്ട് ആ ഉദ്യോഗസ്ഥരെ മുഴുവനും മടക്കി അയച്ച് അത് മുടക്കുകയുണ്ടായി. ഈ ആറ്റിറ്റ്യൂഡാണ് വാസ്തവത്തിൽ പ്രശ്നം. വികസനത്തിന് തീർച്ചയായും ഭൂമി വേണം. അതിൽ പ്രതിഷേധിക്കുന്നവർക്ക് പ്രതിഷേധിക്കാനുള്ള അവകാശമുണ്ടാകണം. അത്തരക്കാരെ നിയമപ്രകാരം കൈകാര്യം ചെയ്യുന്നതിൽ ആർക്കും എതിർപ്പുണ്ടാകില്ല. ഇവിടെ നമ്മൾ കാണുന്നത്, പാർട്ടി ഗ്രാമത്തിൽ വ്യത്യസ്ത അഭിപ്രായമുള്ളവർ വളരെ കുറച്ച് മാത്രമേ കാണുവെന്നതിനാൽ അവരെ പ്രവർത്തിക്കാൻ അനുവദിക്കാതെ സമരപ്പന്തൽപോലും തീവച്ച് നശിപ്പിക്കുന്ന ഈ ഫാസിസ്റ്റ് നടപടിക്കെതിരെയാണ് ജനങ്ങൾ ശബ്ദമുയർത്തിയിട്ടുള്ളത്. അത്

എത്രപേരാണെന്നുള്ളത് പ്രശ്നമല്ല. ഈ രീതിയോടുള്ള സമരമാണ് വാസ്തവത്തിൽ അവിടെയുള്ളത്. ആ സാഹചര്യത്തിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യേണ്ടതായിരുന്നു. അതിന് ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ഒ. രാജഗോപാൽ സഭയിൽ നിന്നും പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ ബഹുമാനപ്പെട്ട അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെയെത്തി.)